# മലങ്കര സഭ

ഏപ്രിൽ 2000



## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, **ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

## അലക്സ് കെ.പോൾ നയിക്കുന്ന സെന്റ് മാത്യൂസ് ഓർക്കസ്ട്ര



***Our Programmes:***
**ഗാനമേള, ഭക്തിഗാനമേള, വെഡ്ഡിംഗ് ക്വയർ, ഫ്യൂണറൽ ക്വയർ.**

***Our Special Attractions of Wedding Choir***

1. **ഓർത്തഡോക്സ് ട്രെഡീഷനൽ ട്യൂണിൽ മാത്രം ആലാപനം.**
2. **ദേവാലയന്തരീക്ഷത്തിന് ഉചിതമാംവിധത്തിൽ മാത്രം പശ്ചാത്തല സംഗീതതാളക്രമീകരണം.**

***Our Special Attractions of Funeral Choir***

ശുശ്രൂഷാ ഗീതങ്ങൾക്കു പുറമെ, *'ഞാൻ എൻ വീട് ഉപേക്ഷിച്ച് പോകുന്നേ....*
*ഞാൻ ഈ നാട് വിട്ടിതാ പോകുന്നേ....'*
അലക്സ് കെ. പോൾ രചിച്ച് സംഗീതമേകിയ ഈ ശോകസാന്ദ്രമായ ഗാനം ആലപിക്കുന്നു.

***Contact:***
**Alex K. Paul**
**Kuttikattil House, Kizhavelloor P.O., Konny, Pathanamthitta, Kerala.**
**Phone: 0473-343385**

ചലച്ചിത്ര സംവിധായകൻ തമ്പികണ്ണന്താനം അവതരിപ്പിക്കുന്ന മ്യൂസിക് ജൂലിയയുടെ
**പ്രാർത്ഥനാപൂക്കൾ** (Christian Devotional Songs)
രചന, സംഗീതം: **അലക്സ് കെ.പോൾ**
**ആശ്രയം** (ക്രിസ്തീയ ഭക്തിഗാനങ്ങൾ)
ആലാപനം: അലക്സ് കെ. പോൾ, സുജാത
ക്രിസ്തീയ ഭക്തിഗാനങ്ങൾ രചന, സംഗീതം: Alex K.Paul

# മലങ്കരസഭ

**ദേവലോകം കോട്ടയം-686 038**
**ലക്കം: 4 പുസ്തകം 56**
**ഏപ്രിൽ 2000**



## PATRON SAINT



## പത്രാധിപസമിതി

*പ്രസിഡന്റ്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481-568046

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. കെ.എം. ജോർജ്ജ്**
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാ സെക്രട്ടറി)**
**ഡോ. സാമുവേൽ ചന്ദനപ്പള്ളി**
**അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജർ*
**ഫാ. റ്റി.ജി. സഖറിയ**
ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി.എ. ഇടയാടി**
ഫോൺ: 0473-360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
**ഒ.ജി. തരകൻ**

*ബിസിനസ്സ് മാനേജർ*
**ഡീക്കൻ. ഷൈജു കുര്യൻ**

*ഡി.റ്റി.പി.*
**എം.എസ്. ഗ്രാഫിക്സ്, ദേവലോകം**

## ഉൾത്തുടിപ്പുകൾ

**എഡിറ്റോറിയൽ**
4 സഭാ സമാധാനം.....
6 മഹാപുരോഹിത സന്ദേശം.....

**ആനുകാലികം**
9 ഭ്രൂണഹത്യ ഒരു.....
സജി ഏബ്രഹാം
28 ആഗോള സഭയുടെ കുമ്പസാരം
ഓർത്തോലൈൻ ന്യൂസ് സർവ്വീസ്
22 ഇന്ത്യ-അമേരിക്ക ബന്ധത്തിൽ
ഡി. വി. ഐ. വിൽസൺ കുരമ്പാല
30 ക്ലിന്റൻ വന്നു പോകുമ്പോൾ
ഓർത്തോലൈൻ ന്യൂസ് സർവ്വീസ്

**ധ്യാനപംക്തി**
12 സുവിശേഷ സന്ദേശം
20 വി. കുർബ്ബാനക്രമം......
ഫാ. റ്റി. ജെ. ജോഷ്വ
21 ബൈബിൾ പഠനം

**ലേഖനങ്ങൾ**
23 കറുത്ത ലോകത്തിലെ പ്രകാശ ചിന്തകൾ
ഡേ. ഫാ. ഒ. തോമസ്
24 Indian Orthodox Youth
26 മനുഷ്യന്റെ ദുഷ്ടതയിലും....
ഫാ: ഏ.എം. വർഗീസ് പന്തളം
32 കടന്നു വന്ന് സഹായിക്കുക
ഫാ: ഡോ. എം.സി. ചെറിയാൻ

**കഥ**
29 ആർദ്രമാനസൻ
ജോയൻ കുമരകം

**കാർട്ടൂൺ**
19 ഉപ്പാണ്ടിമാപ്ല
റോണി ചെങ്ങന്നൂർ

**വാർത്തകൾ**
18, 30, 31, 33,
34 സൺഡേസ്കൂൾ വാർത്തകൾ

എഡിറ്റോറിയൽ

# സഭാ സമാധാനം: ചില നിരീക്ഷണങ്ങൾ

ഫാ. ഡോ. ജേക്കബ് കുര്യൻ

**മലങ്കരസഭാന്തരീക്ഷത്തിലെ സമാധാന സാധ്യതകളെ വിലയിരുത്തുവാൻ സമയമായിരിക്കുന്നു.**

1. ഒന്നാമത്തെ സാധ്യതയായിട്ട് പലരും കരുതിയത്, സുപ്രിംകോടതി വിധിയുടെ വെളിച്ചത്തിൽ, വിധി നടപ്പാകുന്നതിലൂടെ സഭയിൽ സമാധാനം ഉണ്ടാകുമെന്നാണ്. എന്നാൽ കോടതി വിധിയെ വ്യത്യസ്തമായ രീതിയിൽ വ്യാഖ്യാനിക്കുകയും, കോടതി വിധികൾ നടപ്പാക്കുന്ന പാതയിൽ അനേക സങ്കീർണ്ണ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ പ്രതീക്ഷ അസ്ഥാനത്താണ്.

2. സുപ്രീംകോടതി വിധിയുടേയും, മലങ്കരസഭാ ഭരണഘടനയുടെയും അടിസ്ഥാനത്തിൽ അനുരഞ്ജനം സാധിക്കുമെന്ന പ്രതീക്ഷയായിരുന്നു മറ്റൊന്ന്. മലങ്കരസഭാ ഭരണ ഘടനയിലും സുപ്രീം കോടതി വിധിയിലും <u>അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനത്തെ</u> വിശദീകരിക്കുന്നതിനെ വ്യത്യസ്തനിലപാടുകളിൽ മനസിലാക്കുന്നതിനാൽ ഈ പ്രതീക്ഷയും അസ്ഥാനത്താണ്.

3. ഇരുക്കൂട്ടർക്കും പ്രാതിനിധ്യമുള്ള ഒരു <u>അനുരഞ്ജന ആലോചനാസമിതി</u> നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയെന്നതാണ് മറ്റൊരുമാർഗ്ഗം. ഈ മാർഗ്ഗം, തീരെക്കുറഞ്ഞത് അടുത്തകാലത്ത് രണ്ടു പ്രാവശ്യമെങ്കിലും പരീക്ഷിച്ചു നോക്കിയതാണ്. ആത്യന്തികമായി, മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനയ്ക്കും മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും വിധേയപ്പെടുന്ന ഒരു നേതൃക്രമീകരണം മാത്രമേ ഈ ആലോചനാ സമിതിക്കു നിർദ്ദേശിക്കാനാവൂ. എന്നാൽ, ഇങ്ങനെയുള്ള ഒരു ക്രമീകരണം വന്നാൽ, തങ്ങൾ ഇപ്പോൾ കൈയ്യാളുന്ന ചില സ്ഥാനങ്ങളും അധികാരങ്ങളും നഷ്ടപ്പെട്ടേക്കും എന്നു ഭയമുള്ള ഏതാനും സഭാസ്ഥാനികൾ മറ്റുകാരണങ്ങളുണ്ടാക്കി ഈ ആലോചനാ സമിതികളെ സ്തംഭിപ്പിക്കുന്നകഥ തുടർക്കഥയായി അവശേഷിക്കും. അതുകൊണ്ട് അനുരജ്ഞന സമിതികളിൽ കുടെയുള്ള പ്രതീക്ഷയും അസ്ഥാനത്താണ്.

4. അന്ത്യോഖ്യാപാത്രിയർക്കീസ് യാഥാർത്ഥ്യങ്ങളെ മനസിലാക്കിയിട്ട്, മലങ്കരയിലെ മക്കൾ കാതോലിക്കായെ പരമാധ്യക്ഷനായി അംഗീകരിച്ച് ജീവിച്ചുകൊള്ളണം, ഇവിടെയുള്ള ആഭ്യന്തരകാര്യങ്ങളിൽ താൻ ഇടപെടുന്നതല്ല എന്ന് കല്പനയിറക്കിയാൽ സമാധാനമാകും എന്ന് വിചാരിക്കുന്നവരുണ്ട്. നേരെ മറിച്ച്, കാതോലിക്കാ ബാവ അന്ത്യോഖ്യാ പാത്രിയർക്കീസിനെ തന്റെ മേൽസ്ഥാനിയെന്നു പ്രഖ്യാപിച്ചാൽ ഇവിടെ സമാധാനമാകും എന്നു വിചാരിക്കുന്നവരുമുണ്ട്. ഈ രണ്ടു വിചാരങ്ങളും യാഥാർത്ഥ്യമാകുവാൻ പ്രയാസമാണ്. ഇപ്പോൾ ഈ സ്ഥാനങ്ങളിലിരിക്കുന്ന രണ്ടു പിതാക്കന്മാരും വ്യക്തിപരമായി ഈ നടപടികൾക്ക് സന്നദ്ധരായാൽ പോലും (കാരണം അവർ വ്യക്തിപരമായി അത്ര എളിമയുള്ളവർ തന്നെയാണ്) അത് അവരുടെ സ്ഥാനന്യായേന അസാധ്യമാണ്.

അവശേഷിക്കുന്നത് രണ്ട് മാർഗ്ഗങ്ങളാണെന്ന് തോന്നുന്നു. പക്ഷേ അതിൽ ഒന്നാമത്തേതിൽ “സമാധാനം’ എത്രമാത്രമുണ്ടാകും എന്നത് കണ്ടറിയേണ്ടതാണ്. അതായത്, മലങ്കര സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിൽ കാതോലിക്കാബാവാ, മലങ്കര അസ്സോസ്യേഷൻ വിളിച്ചു കൂട്ടി, ഭരണക്രമസംബന്ധമായും മറ്റും തീരുമാനങ്ങൾ എടുക്കുകയും, ആ തീരുമാനങ്ങൾക്കു വിരുദ്ധമായ നിലപാടുകളെ വീണ്ടും നീതിന്യായ സംവിധാനങ്ങളിൽ കൂടി നേരിടുകയും ചെയ്യുക. ഇത് വീണ്ടും അസ്വസ്ഥതകളുടെ കാലഘട്ടത്തിലേക്കായിരിക്കും സഭയെ നയിക്കുക. ഒരു പക്ഷേ കേസുനടത്തിയും, കോടതി വിധിനടപ്പാക്കിയും പരിചയിച്ചപലർക്കും ഇതായേക്കും ഇഷ്ടം. സഭയ്ക്കു നഷ്ടപ്പെടാൻ പോകുന്ന സാക്ഷ്യം (അതല്പമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ) പുരോഗമന സാധ്യതകൾ, എന്നിവയെക്കുറിച്ച് ഒട്ടും ഭാരമില്ലെങ്കിൽ ഈ വഴി തെരഞ്ഞെടുക്കപ്പെടാം. ആത്മീയ പാതയിൽ, തലമുറകളെ കുരുതികൊടുക്കുന്നതിന് കൂട്ടുനിൽക്കുവാൻ മനസുതഴമ്പിച്ചിട്ടുണ്ടെങ്കിൽ ഇതാകാം. പാവങ്ങളുടെ കണ്ണുനീരിന്റെ കാണിക്കയെടുത്ത് തുടർന്നും വക്കീൽഫീസു കൊടുക്കാൻ മനസ്സാക്ഷിക്കുത്തില്ലെങ്കിൽ ഇതാകാം. സഭയ്ക്കെന്തു സംഭവിച്ചാലും അച്ചന്മാർക്കു ശമ്പളവും, തിരുമേനിമാർക്ക് മേശയും കൈമുത്തും, കിട്ടിയാൽ മതിയെന്നു വിചാരിക്കുന്നുവെങ്കിൽ ഇതാകാം.



അവശേഷിക്കുന്ന ഏക മാർഗ്ഗത്തെകുറിച്ച് ഈ പംക്തിയിൽ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. വി. കുർബ്ബാനയിൽ പരസ്പര സംസർഗ്ഗമുള്ള മലങ്കര ഓർത്തഡോക്സ്സു സഭയും, അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സുസഭയും തമ്മിലുള്ള ഒരു പ്രത്യേകധാരണയെന്ന സമാധാന മാർഗമാണത്. സമാധാനപരമായ ഒരു വഴിപിരിയലിന്റെ ധാരണയാണത്., മലങ്കര ഓർത്തഡോക്സ് സഭയും ആന്ത്യോഖ്യാപാത്രീയർക്കീസിന്റെ കീഴിലുള്ള വിഭാഗവുമായി സഹകരിക്കാവുന്ന മേഖലകളിലൊക്കെ സഹകരിക്കുക. ക്രൂദാശാനുഷ്ഠാനങ്ങൾ, വിശ്വാസം മുതലായവ ഒന്നുതന്നെയായത് കൊണ്ട് ഈ സഹകരണം കൂടുതൽ ദൃഢപ്പെടുകതന്നെചെയ്യും. ഭരണപരമായി അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര സഭയെ സ്പർശിക്കാത്ത ഒരു ഭരണഘടനാ ഭേദഗതിയിലേക്കും, ദേശീയമായ സഭാ ജീവിത ശൈലിയിലേക്കും പുരോഗമിക്കുവാൻ ഇതു സഹായകമാകും.

രണ്ടു വിഭാഗക്കാരും അവകാശം പറയുന്ന പള്ളികളെ സംബന്ധിച്ചും, ഇതുവരെയുണ്ടായിട്ടുള്ള വിധിനടപ്പാക്കുന്നതിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും, “സത്യ”ത്തിനുവേണ്ടി നിലകൊണ്ട ന്യൂനപക്ഷങ്ങളുടെ ഭാവിയെ സംബന്ധിച്ചും, മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയ്ക്ക് വിധേയത്വം പ്രഖ്യാപിച്ച മുൻ മറുഭാഗം മെത്രാന്മരെകുറിച്ചും ഈ സാഹചര്യത്തിൽ പ്രത്യേക ചർച്ച ആവശ്യമാകും. <u>ഈ പ്രശ്നങ്ങൾ അനുരജ്ജനത്തിന്റെ അന്തരീക്ഷത്തിൽ പരിഹരിക്കുവാൻ പ:പാത്രിയർക്കീസു ബാവായും പ: കാതോലിക്കാബാവായും ആഗ്രഹിച്ചാൽ അതിനു വഴികൾ ഉണ്ടാകും</u>. ഈ പ്രത്യേക പ്രശ്നങ്ങൾ പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമം, മുമ്പു പറഞ്ഞ <u>അനുരജ്ജനാ ആലോചനസമിതി</u>യുടെ ശ്രമങ്ങൾ പോലെ പാഴ്വേലയാവുകയില്ല. കാരണം, ഇവിടെ, മലങ്കരസഭാ ഭരണഘടനാപരമായ ചട്ടകൂട്ടിൽ നിൽക്കുവാൻ താല്പര്യമില്ലാത്തവരെ അതിനുനിർബ്ബന്ധിക്കുന്നില്ല എന്ന നിലപാടിന് ആണ് പ്രാധാന്യം ഈ നിലപാട് പലരുടെയും കാഴ്ചപ്പാടിൽ “ആരോഗ്യകര”മാകയില്ല എന്നതും സത്യമാണ്. കാശ്മീർ പ്രശ്നത്തിൽ കാശ്മീരികൾക്ക് സ്വയനിർണ്ണയാവകാശം നൽകുന്നതുപോലെയും, ശലോമോന്റെ അടുക്കൽ കൊണ്ടുവന്ന കുഞ്ഞിനെ വെട്ടിമുറിക്കുന്നതുപോലെയും ഇതു വ്യാഖ്യാനിക്കപ്പെടാം. മലങ്കരസഭയുടെ ഭരണഘടനയെ സ്വീകരിക്കാനും തിരസ്ക്കരിക്കാനും ഇടവക പൊതു യോഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടാകുന്ന ഒരു വ്യവസ്ഥതിയും അതുമൂലമുണ്ടാകാവുന്ന അരാജകത്വവും ഈ നിലപാടിന്റെ അപകടമായി ചൂണ്ടിക്കാണിക്കപ്പെടാം.

ഒരു രാജ്യത്തിന്റെ അഖണ്ഡതയും ഒരു സഭയുടെ ഐക്യവും ഒരുപോലെ അല്ല സംരക്ഷിക്കപ്പെടേണ്ടത്. ഇവിടെയാണ് കാശ്മീർ പ്രശ്നത്തിന്റെ രാഷ്ട്രീയ വശത്തിന് സഭാന്തരീക്ഷത്തിൽ പ്രസക്തിയില്ലാതാവുന്നത്. കുഞ്ഞിനെ വെട്ടിമുറിക്കുന്നതും അവകാശം പറഞ്ഞ് പറഞ്ഞ് കുട്ടിയെ പട്ടിണിയിട്ട് കൊല്ലുന്നതും കൊലപാതകം തന്നെയാണ്. ഇതു രണ്ടും സംഭവിക്കാതെ കുഞ്ഞിനെ ജീവിക്കുവാനും, വളരുവാനും അനുവദിക്കുന്ന മാർഗ്ഗം തന്നെയാണ്, സമാധാനപരമായ വഴിപിരിയൽ. <u>ഭരണഘടനാ വിധേയമായ ഒരു വ്യവസ്ഥിതിയിൽകൂടി ഈ വഴിപിരിയൽ നടന്നാൽ, അത് ഇടവകകളുടെ സ്വയനിർണ്ണയാവകാശമായോ, അരാജകത്വ നടപടിയായോ മാറിപ്പോകുകയില്ല</u> (ഈ പ്രസ്താവനയ്ക്ക് കൂടുതൽ വിശ ദീകരണം ആവശ്യമെങ്കിൽ അത് പിന്നീട് നൽകുന്നതായിരിക്കും.)

സമാധാനപരമായ വഴിപിരിയലിൽ ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം ഇവിടെ പ്രത്യേകം സൂചിപ്പിക്കട്ടെ: ഒരു ന്യൂനപക്ഷം എടുത്തനിലപാട് സത്യമായിരുന്നാലും, ആ സത്യം സ്ഥാപിക്കപ്പെടുന്നപാതയിൽ അവർക്ക് ധാരാളം സഹിക്കുവാനും, ത്യജിക്കുവാനും ഉണ്ടാകും. ഈ ത്യാഗമാണ് തട്ടിക്കൂട്ടിയ ഒരു അനുരജ്ജന വ്യവസ്ഥിതിയിൽ ഉണ്ടാകാവുന്ന ന്യൂനപക്ഷ പീഢനത്തെക്കാൾ ആത്മാഭിമാനം നൽകുന്നത്. ഈ വസ്തുത വടക്കൻ പ്രദേശത്തെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ മനസിലാക്കുമെന്നാണ് തോന്നുന്നത്. തങ്ങളുടെ നിലപാട് നീതിപീഠങ്ങൾ അംഗീകരിച്ചതുതന്നെ അവരുടെ ധാർമ്മിക വിജയമായികാണുവാൻ കഴിയും സമാധാനപരമായ വഴിപിരിയലിൽ, ഏതുന്യൂനപക്ഷത്തിനും മാന്യമായ ഒരു അവകാശം ലഭിക്കുവാൻ ഉള്ള ആലോചനകളും തീരുമാനങ്ങളും ഉണ്ടാകുമെന്നതിന് സംശയം വേണ്ട.

കാണാതെപോയ്ക്കൊണ്ടിരിക്കുന്ന ആടുകളെ ഓർത്ത്; ചാവാറായ ശേഷിപ്പുകളെ ഓർത്ത്; പുകയുന്ന തിരികളെ ഓർത്ത്; ചതഞ്ഞ ഓടകളെ ഓർത്ത്; കാറ്റിനെ മാത്രം പ്രസവിക്കുന്ന പ്രതിഭാസങ്ങളെ ഓർത്ത്; <u>അവനവന്റെ കക്ഷിയെക്കാൾ ദൈവത്തിന്റെ സഭയെക്കുറിച്ച് നമുക്ക് ഭാരപ്പെടാം</u>





# പ്രശ്നമുഖരിതമായ ക്രിസ്തുവിന്റെ തിരു ശരീരം അഥവാ തിരുസഭ

സഹൃദയരും വിശ്വാസികളുമായ സഭാമക്കളെ, ശ്രേഷ്ഠരായ സഹോദരങ്ങളെ,

ഒരു ലേഖനം മുഖാന്തിരം നിങ്ങളെ ഒന്നു കൂടെ കാണുവാൻ അവസരം നല്കിയ ദൈവത്തിന്റെ മഹാകൃപയ്ക്ക് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു ഈ പ്രാവശ്യം നിങ്ങളുമായി സ്നേഹപൂർവ്വം പങ്കിടുവാൻ ആഗ്രഹിയ്ക്കുന്നത് സഭയെ അലട്ടുന്ന ചില സങ്കിർണ്ണ പ്രശ്നങ്ങളെക്കുറിച്ചാണ്.

മലങ്കരസഭ ജന്മമെടുത്തത് കർത്താവ് തന്നെ കല്പിച്ചയച്ച തന്റെ വാത്സല്യ ശിഷ്യൻ മർത്തോമ്മാശ്ലീഹാ മുഖാന്തിരമാണ്. പരി. പൗലോസ് ശ്ലീഹാ സ്ഥാപിച്ച കൊരിന്ത്യ സഭയിൽ നിർഭാഗ്യവശാൽ അപ്പലോസിന്റെയും പ്ത്രാസിന്റെയും, പൗലോസിന്റെയും 3 കക്ഷികളും, എന്നാൽ അവരാരും വേണ്ട ഞങ്ങൾ കർത്താവിന്റെ കക്ഷികൾ എന്ന നിലയിൽ വേറൊരുകക്ഷിയും, അങ്ങനെ 4 കക്ഷികൾ ഉളവായി. അപ്പോസ്േതാലികക്കാലത്തുതന്നെ ഈ അക്രൈസ്തവും അനാരോഗ്യപരവുമായ കക്ഷിവിത്യാസങ്ങൾ ഉണ്ടാകയും അത് നിലനില്ക്കുകയും ചെയ്തിരുന്നു. സങ്കടപ്പെട്ട് നിലവിളിച്ച് കരയുകയേ നിവൃത്തിയുള്ളു. ഇവിടെ പരി. പൗലോസ് ശ്ലീഹാ ഹൃദയവേദനയോട് കൂടി എഴുതിയ ഒരുവാക്ക് വളരെ ഹൃദയസ്പർശ്യയാണ്. <u>'നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കൻമാരുണ്ടെങ്കിലും പിതാക്കൻമാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്' (1കോരി 4: 15)</u> ഇതുപോലെ പരി. തോമാശ്ലീഹായും ഇപ്പോൾ അദൃശ്യനായിട്ടെങ്കിലും ഭാരതീയരായ നമ്മോട് പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. ക്രിസ്തുവിൽ നിങ്ങളെ ജനിപ്പിച്ചത് ഞാനാണ് എന്നുള്ളത് നിങ്ങൾ മറക്കരുത്. ഇത് ശ്രവിയ്ക്കുന്നവർ ഭാഗ്യമുള്ളവർ. റോമൻ കത്തോലിക്കാ സഭയുടെ പ്രധാന മേലധ്യക്ഷനായ പരി. മാർപാപ്പാ തിരുമേനി കേരളത്തിൽ എഴുന്നെള്ളിയപ്പോൾ അദ്ദേഹം അങ്ങോള മിങ്ങോളം പ്രസംഗിച്ച് പ്രസ്താവിച്ചത്. നിങ്ങൾ തോമാശ്ലിഹായുടെ മക്കൾ ആണ് എന്ന് തന്നെയാണ്. ഉചിതമായും ഉത്തമമായും ചിന്തിയ്ക്കുന്നവർ ഇതിൽ നിന്ന് മാറ്റിയോ മറിചോ, പ്രസ്താവിക്കുമെന്ന് ഈ ലേഖകന് ഒരിക്കലും വിശ്വസിപ്പാൻ നിവൃത്തിയില്ലായെന്ന് കർത്താവായ യേശുമിശിഹായുടെ നാമത്തിൽ തറപ്പിച്ച് ഉറപ്പിച്ച് എഴുതുകയാണ്.

പ. തോമ്മാശ്ലീഹാ കത്തൃനിയോഗ പ്രകാരം എ.ഡി 52-ൽ കേരളക്കരയിൽ കൊടുങ്ങല്ലൂരിൽ പാദം ചവുട്ടി സന്ദേശവാഹകനായ അദ്ദേഹത്തിന്റെ തിരുസാന്നിധ്യവും തിരുസമ്പർക്കവും മുഖാന്തിരം ഭാരതീയർ ധന്യരായിതീർന്നു. അ:പ്ര. 2: 47-ൽ വർണ്ണിച്ചിരിക്കുന്ന പ്രകാരം ഇവിടെയും രക്ഷിക്കപ്പെടുന്നവരെ ക്രിസ്തുവിന്റെ തിരുശരീരമായ സഭയോട് ചേർത്തു പല സ്ഥലങ്ങളിലും പള്ളികൾ സ്ഥാപിച്ച് അവർക്ക് കൃപാമാർഗ്ഗങ്ങളിൽ ഒരു കുറവും സംഭവിക്കാതിരിപ്പാൻ തക്കവണ്ണം-കള്ളി, കാളിയാങ്കൽ, ശങ്കരപുരി, പകലോമറ്റം- എന്നി കുടുംബങ്ങളിൽ നിന്ന് പുരോഹിതരെ നിയമിച്ചാക്കുകയും ചെയ്തു. പല വൈദീക ശ്രേഷ്ഠരും പകലോമറ്റം തറവാട്ടിൽ നിന്ന് ഉള്ളവരാണെന്ന് അഭിമാനപുരസരം പ്രസ്താവിച്ചത് കേൾക്കുവാൻ ഈ ലേഖകന് തന്നെ ഇടയായിട്ടുണ്ട്. ചരിത്ര പ്രസിദ്ധമായ ഈ യാഥാർത്ഥ്യത്തെ കേരളീയർ ഉൾക്കൊള്ളുന്നുയെന്നുള്ളതിന് അന്യതെളിവുകൾ ആവശ്യമില്ലല്ലോ.

ഈ പ. തോമാശ്ലീഹാ പുരോഹിതൻ പോലുമല്ലയെന്നും അദ്ദേഹത്തിന് സിംഹാസനം ഇല്ലായെന്നും ഉന്നതർ ഉൾപ്പെടെ ചിലർ എങ്കിലും വാദിച്ച് കേൾക്കുമ്പോൾ ഹൃദയം തകർന്ന് പോകയാണ്. നമ്മുടെ കർത്താവ് വിശുദ്ധ കുർബ്ബാന സ്ഥാപിക്കുമ്പോൾ തന്റെ ശിഷ്യൻമാരോട്, ഇപ്രകാരം നിങ്ങളും അർപ്പിക്കുവിൻ എന്ന് ഭരമേല്പിച്ചപ്പോൾ പ. തോമാശ്ലിഹായും ആകൂട്ടത്തിൽ ഉണ്ടായിരുന്നല്ലോ. അദ്ദേഹത്തിനും മറ്റ് അപ്പോസ്തലൻ മാരോടൊപ്പം കർത്താവ് കൃപയാൽ ആ അധികാരം നല്കിയതാണ്. ശെമ്മാശനമാർ വി. കുർബ്ബാന ചൊല്ലി കേട്ടിട്ടില്ല, കണ്ടിട്ടുമില്ല. അരെയും പഴിക്കുവാനല്ല യാഥാർത്ഥ്യങ്ങൾ ഉള്ളത് പോലെ വെളിപ്പെടുത്തുക എന്നുള്ളത് മാത്രമാണ് ഈ ലേഖകന്റെ ആഗ്രഹവും ഉദ്ദേശ്യവും.

സിംഹാസനത്തെ കുറിച്ച് കൂടി ഒരു വാക്ക് എഴുതുന്നത് അത്യാന്താപേഷിതമെന്ന് കാണുകയാൽ എഴുതിപോകയാണ്. <u>വി. മത്തായി 19: 27,28-ലും വി. ലൂക്കോസ് 22: 29,30-ലും കർത്താവ് തന്നെ സ്പഷ്ടമായി അരുളിചെയ്തിട്ടുണ്ട്. 'എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ച് തന്നതുപ്പോലെ ഞാൻ നിങ്ങൾക്കും നിയമിച്ച് തരുന്നു നിങ്ങൾ എന്റെ മേശയിങ്കൽ നിന്ന് തിന്ന് കുടിക്കുകയും 12 സിംഹാസനങ്ങളിലിരുന്ന് യിസ്രയേലിന്റെ 12 ഗോത്രങ്ങളെയും ന്യായം വിധിക്കും'</u> കർത്താവ് പത്രോസ് ശ്ലീഹായ്ക്ക് മാത്രമല്ല അദ്ദേഹത്തെപ്പോലെ ബാക്കി 11-പേർക്കും, ബാക്കി 11 പോരെപ്പോലെ പത്രോസ് ശ്ലിഹായ്ക്കും നിഷ്പക്ഷമായി സ്നേഹപൂർവ്വവും നല്കിയകൃപകളെ, വാട്ടികോട്ടി പ്രസ്താവിച്ച്





കേൾക്കുമ്പോൾ കർത്താവിനെക്കാൾ അവർ വലിയവരാണെന്ന മിഥ്യാബോധത്തെക്കുറിച്ച് സങ്കടപ്പെടുകയേ നിവൃത്തിയുള്ളൂ. എന്തിനേറെ ഇതുപോലെ പലതും എടുത്ത് പറയുവാനുണ്ട്.

1599-ൽ ഉദയം പേരൂർ സുന്നഹദോസ് പോർട്ടുഗീസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടക്കുമ്പോൾ ഒരു സത്യവിശ്വാസി പ. മാർപാപ്പാതിരുമേനിയ്ക്ക് എഴുതിയതായി ഒരു പണ്ഡിതൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിക്കുന്നത് കേട്ടു. രേഖ ഉദ്ധരിച്ച് കൊണ്ടാണ് അദ്ദേഹം പ്രസ്താവിച്ചത്. ആ രേഖയുടെ പേര് ഇപ്പോൾ ഹൃദയത്തിൽ തപ്പിനോക്കിയിട്ട് കിട്ടുന്നില്ല. വിശ്വാസി ഇപ്രകാരമാണ് എഴുതിയത്. ഞങ്ങൾ ഇതുവരെ അന്യജാതിക്കാരുടെ ഇടയിലാണ് വളർന്ന് വന്നത്. അവരിൽ നിന്ന് ഒരു ഉപദ്രവവും ഞങ്ങൾക്ക് ഉണ്ടായിട്ടില്ല എന്നാൽ ക്രിസ്ത്യാനികൾ വന്നപ്പോഴാണ് ഞങ്ങൾ കഷ്ടപ്പെടുന്നതും നരകവേദനയ്ക്ക് ഇടയാകുന്നതും ആ സത്യവിശ്വാസി എഴുതിയത് എത്രയോ അർത്ഥവത്താണ്. ക്രിസ്ത്യാനിയല്ലേ ഇന്ന് ക്രിസ്ത്യാനിയെ പീഡിപ്പിക്കുന്നത്.

പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുമതം പ്രചരിച്ചതും പ്രചരിപ്പിച്ചതും സംബന്ധിച്ച് ചില സംഭവങ്ങൾ വിസ്മരിയ്ക്കുന്നത് തെറ്റായിരിക്കുമെന്നുള്ള ബോധം കൊണ്ട് ചില കാര്യങ്ങൾ താഴെ ചുരുക്കി പ്രസ്താവിച്ച് കൊള്ളട്ടെ.

വിശുദ്ധനായ മത്തായി ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ 2-ാം അദ്ധ്യായത്തിൽ വർണ്ണിച്ചിരിക്കുന്ന പ്രകാരം വിദ്വാൻമാർ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിനെ കണ്ട് കുമ്പിട്ട് നമസ്കരിച്ച്, അവരും അവരുടെതും കത്തൃസന്നിധിയിൽ അടിയറവയ്ക്കുന്നുയെന്ന് ദ്യോതിപ്പിക്കുമാറ് പൊന്ന്, മൂരു,കുന്തിരുക്കവും കാഴ്ച വച്ചു. രാജാവ് കല്പ്ചിട്ടും അവിടേക്ക് പോകാതെ യഹോവയുടെ കല്പന പ്രകാരം അവർ വേറെ വഴിയായി സ്വദേശത്തേയ്ക്ക് പോയി. അവർ യേശു ക്രിസ്തുവിനെക്കുറിച്ച് അവരുടെ ദേശത്ത് സാക്ഷിച്ചില്ലായെന്ന് വിശ്വസിയ്ക്കുവാൻ ഈ ലേഖകന് തീർത്തും പ്രയാസമുണ്ട്. കർത്താവിന്റെ സന്ദേശം പൗരസ്ത്യ നാട്ടിൽ ആദ്യമായി പ്രചരിപ്പിച്ചത് അവരാണെന്ന് ഈ ലേഖകൻ വിശ്വസിയ്ക്കുന്നു.

രണ്ടാമതൊരു സംഭവം ഇപ്പോൾ ഓർമ്മ വരുന്നത്, പരിശുദ്ധനായ യോഹന്നാൻ ശ്ലീഹാ സാക്ഷിയ്ക്കുന്നതാണ്. വി. യോഹന്നാൻ 12: 20-22-ൽ പ്രസ്താവിച്ചിരിയ്ക്കുന്ന പുറജാതിക്കാരുടെ കാര്യമാണ് ഇത്തരുണത്തിൽ ശ്രദ്ധേയം. ഈ പുറജാതിക്കാർ അബ്ഗാർ രാജാവിന്റെ രാജ്യത്തിൽ നിന്ന് വന്നവരാണെന്നാണ് ഒരു എൻസൈക്ലോപിഡിയായിൽ ഈ ലേഖകൻ വായിച്ചത്. അബ്ഗാർ രാജാവിന്റെ ഒരു എഴുത്തും ഉണ്ടായിരുന്നു. എഴുത്തിന്റെ സംഗതി യേശുക്രിസ്തുവിനോടുള്ള അപേക്ഷയാണ്. അദ്ദേഹം ഒരു ഭയങ്കര രോഗിയാണ്. യേശുക്രിസ്തുവന്ന് എന്നെ സൗഖ്യമാക്കണം, യഹൂദയിൽ അങ്ങയെ പലരും ഉപദ്രവിയ്ക്കുന്നതായി കേട്ടു, എന്റെ രാജ്യത്തിൽ വന്നാൽ അങ്ങയ്ക്ക് എല്ലാ പ്രോത്സാഹനങ്ങളും ഞാൻ ചെയ്ത്തരാം. യേശുതമ്പുരാൻ അവരോട് കല്പിച്ചത്, എന്റെ സമയം അടുത്തു, എനിക്ക് വരാൻ നിവൃത്തിയില്ല, അതിനാൽ എന്റെ ശിഷ്യരിൽ ഒരാളെ അങ്ങോട്ട് അയയ്ക്കാം, അദ്ദേഹം വന്ന് അങ്ങയെ സൗഖ്യമാക്കുമെന്ന് പറഞ്ഞ് അവരെ ആശ്വസിപ്പിച്ച് പറഞ്ഞയയ്ക്കുകയായിരുന്നു. അതനുസരിച്ച് വി. തോമാശ്ലീഹായോട് കർത്താവ് കല്പിക്കുകയും 72 അറിയിപ്പുകാരിൽപ്പെട്ട, വി. തോമാശ്ലീഹായുടെ ശിഷ്യനായ ആദായിയെ കർത്താവിന്റെ ഉയിർപ്പിന് ശേഷം അവിടേക്ക് അയച്ചുയെന്നും, അതിന് ശേഷം തോമാശ്ലീഹാ ഇതുൾപ്പെടെയുള്ള പൗരസ്ത്യ ദേശങ്ങളിലേക്ക് പോയി സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു എന്നാണ് ആ എൻസൈക്ലോപിഡിയായിലെ പ്രതിപാദ്യം. ഈ ആദായി ശ്ലീഹായ്ക്ക് തോമാശ്ലീഹായുമായി രക്ത ബന്ധം ഉണ്ടെന്നും തോമാശ്ലീഹായുടെ ശിഷ്യനാണെന്നും എവിടെയോ വായിച്ചതായും ഓർമ്മ വരുന്നു. ഈ അബ്ഗാർ രാജാവിന്റെ കാര്യമാണ് വലിയ നോമ്പിലെ പകുതിനോമ്പിന്റെ ശുശ്രൂഷയിൽ നമ്മൾ ഓർക്കുവാനും പ്രാർത്ഥിക്കുവാനും നമ്മുടെ വാത്സല്യ മാതാവായ പരിശുദ്ധ സഭ നമ്മോട് കല്പിച്ചിരിക്കുന്നത് എന്നുള്ളതും ഇത്തരുണത്തിൽ ശ്രദ്ധേയമായ കാര്യമാണ്

കർത്തവായ യേശുതമ്പുരാന്റെ മനുഷ്യവതാരത്തിന് വേണ്ടി തെരഞ്ഞെടുത്ത പ്രദേശം ക്രൈസ്തവ ലോകത്തെ കിഴക്കെന്നും, പടിഞ്ഞാറെന്നും (പൗരസ്ത്യമെന്നും, പാശ്ചത്യമെന്നും) വിഭജിക്കുകയാണങ്കിൽ പൗരസ്ത്യ ദേശത്താണ് കർത്താവ് കൃപയാൽ എഴുന്നെള്ളി മനുഷ്യാവതാരം ചെയ്ത് പ്രത്യക്ഷപ്പെട്ടത്. ആദ്യമായി പൗരസ്ത്യരിൽ നിന്നാണ് ആരാധനയ്ക്ക് നേർച്ചകാഴ്ചകളും കൈകൊള്ളുവാൻ തിരുവുള്ളമുണ്ടായത്. അവരാണ് പ്രഥമമായി അനുഗ്രഹീതരായതും. ഇതിനെക്കുറിച്ച് പുകഴുവാനും വെടിപ്പൊട്ടിക്കുവാനുമല്ല, നേരെമറിച്ച് വിനയത്തോടു കൂടെ അഭിമാനപൂർവ്വം ദൈവത്തെ സ്തുതിക്കുവാനാണ് വിനിയോഗിക്കേണ്ടത്.

അപ്പോസ്തലൻമാരുടെ ദൗത്യം വി.മത്തായി 28: 18-20-ൽ പ്രസ്താവിക്കും പ്രകാരം "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിയ്ക്കുന്നു, ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടും കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കികൊൾവീൻ. ഞാനോ ലോകാവസാനത്തോളം

എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്" ഇത് വി. മർക്കോസിന്റെ സുവിശേഷം 16: 15 ലും പ്രസ്താവിയ്ക്കുന്നു "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ, വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. അപ്രകാരം ശിഷ്യൻമാർ എല്ലാവരും ഓരോ സ്ഥലത്ത് പോയി ദൈവത്തിന്റെ ഉത്തമ സാഷികളായി ദൈവവചനം ഉദ്ഘോഷിച്ച് സാക്ഷിമരണം പ്രാപിച്ചു. അതനുസരിച്ചാണ്. വി. തോമാ ശ്ലീഹാ പൗരസ്ത്യദേശത്തേയ്ക്ക് പുറപ്പെട്ടതും അങ്ങനെ ഇന്ത്യയിൽ വന്നതും കർത്താവിനെ സാക്ഷിക്കുകയും സഭ സ്ഥാപിക്കുകയും എ.ഡി. 72-ൽ മൈലാപ്പൂരിൽ വച്ച് സാക്ഷിമരണം പ്രാപിക്കുകയും ചെയ്തത്. അദ്ദേഹത്തിന്റെ അസ്ഥികൾ എഡേസായിലേക്ക് (ഉറഹാ) കൊണ്ട് പോയത് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രക്തവും മാംസവും ഭാരതമണ്ണിൽ അലിഞ്ഞ് ചേർന്നിട്ടുണ്ട്. അത് സംസാരിയ്ക്കുന്നു, ശക്തമായി സംസാരിക്കുമെന്നും ഈ ബലഹീന ലേഖകൻ വിശ്വസിയ്ക്കുന്നു. പണ്ട് ആരോ കല്പിച്ചത് പോലെ അദ്ദേഹത്തെ നാം വിസ്മരിക്കുമെങ്കിൽ നമ്മുടെ തല മറന്ന് പോകട്ടെ;

ഒരുകാര്യം കൂടി ഇത്തരുണത്തിൽ ഈ ലേഖകൻ എഴുതി അറിയിച്ച് കൊള്ളട്ടെ. അപ്പോസ്താലൻമാരുടെ തലവൻ വി. പത്രോസ് ശ്ലീഹായാണെന്ന് ഒരു പ്രചരണം ഇവിടെ ഉണ്ട്. കർത്താവിന്റെ മനസ്സ് പഠിക്കുവാൻ കഴിയുന്ന ആളുകൾക്ക് അങ്ങനെ പറയുവാൻ കഴിയുമോയെന്ന് ഈ ലേഖകൻ തീർത്തും സന്ദേഹിയ്ക്കുന്നു. പ്രത്യേകിച്ചും വി. മത്തായി 23: 8-12 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ 'നിങ്ങൾ റബ്ബി എന്നോ, പിതാവ് എന്നോ നായകൻ എന്നോ പേർ എടുക്കരുത്. ഒരുവനത്രെ നിങ്ങളുടെ റബ്ബിയും, പിതാവും, നായകനും, ക്രിസ്തുതന്നെ. നിങ്ങളോ തമ്മിൽ സഹോദരൻമാരത്രെ. അപ്പോസ്തലൻമാർ തമ്മിൽ സഹോദരൻമാർ എന്നുള്ള കർതൃകല്പന അടിവരയിട്ട് മനസ്സിലാക്കേണ്ടതാണ്. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാ ഉയർത്തപ്പെടും തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. ശിഷ്യൻമാരുടെ പാദങ്ങളെ കഴുകികൊണ്ട് നിങ്ങളും ഇപ്രകാരം അന്യോന്യം പാദങ്ങളെ കഴുകണമെന്ന് കർത്താവ് തന്നെ കല്പിച്ചു. അതിന് അല്പം മുമ്പ്, അവരിൽ തന്നെ ആരാണ് വലിയവൻ എന്ന തർക്കമുണ്ടായി. (St. Luke 22:24) ആ രോഗം സുഖപ്പെടുത്തുവനാണ് നമ്മുടെ കർത്താവ് ആ മാർഗ്ഗം അവർക്കായി കാണിച്ച് കൊടുത്തത്. വീണ്ടും കർത്താവ് അവർക്ക് വെളിവാക്കികൊടുക്കുന്നു നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിയ്ക്കുന്നു, നിങ്ങൾ പറയുന്നത് ശരിതന്നെ എന്നാൽ ഞാൻ നിങ്ങൾക്ക് കാണിച്ച് തന്നത് പോലെ അന്യോന്യം ശുശ്രൂഷിക്കയാണ് നിങ്ങൾ അനുഷ്ഠിക്കേണ്ട കർത്തവ്യം. (വി. യോഹ: 13: 13,15) വീണ്ടും കല്പിക്കുന്നു നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷകനെപ്പോലെയും ആകട്ടെ (വി. ലൂക്കോ 22: 26).

കൂടാതെ വി. മത്താ 20: 20 മുതലും വി. മർക്കോ 10: 35 മുതലുമുള്ള വാക്യങ്ങൾ വായിക്കുമ്പോൾ ഒരു കാര്യം കൂടെ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ഇവിടെയുള്ള 2 വർണ്ണനയിലും ഒരു വ്യത്യാസമെഉള്ളൂ. വി. മത്തായി ശ്ലീഹായുടെ വർണ്ണനയിൽ സെബദീ പുത്രൻമാരായ യാക്കോബിനോടും യോഹന്നാനോടുമൊപ്പം അവരുടെ അമ്മയും വന്ന് യേശുവിനോട് അപേക്ഷിക്കുന്നതായിട്ടാണ്. ഒരുവൻ യേശുവിന്റെ രാജ്യത്തിൽ യേശുവിനോടൊപ്പം വലത്തും അപരൻ ഇടത്തും ഇരിക്കുവാൻ ആജ്ഞാപിക്കണമെന്ന് അപേക്ഷിയ്ക്കുന്നു. കർത്താവ് അവരോട് ഞാൻ കുടിക്കുന്ന കാസാ നിങ്ങൾ കുടിക്കും, ഞാൻ മുഴുകുന്ന മാമോദീസാ നിങ്ങൾ മുഴുകും എന്നാൽ എന്റെ പിതാവ് രാജ്യം ആർക്കാണോ ഒരുക്കിയിരിക്കുന്നത് അവർക്കേ അത് കിട്ടുകയുള്ളുയെന്നും എന്നാൽ നിങ്ങൾ എല്ലാവരുടെയും ദാസൻമാരേപ്പോലെ താഴ്മയോടെ സേവനവും സ്നേഹവും അനുഷ്ഠിക്കുകയും വേണമെന്നും അവരോട് ആജ്ഞാപിക്കുന്നു. ഇവരുടെ ഇപ്രകാരമുള്ള ചിന്തയിൽ പത്രോസ് ശ്ലീഹാ ഉൾപ്പെടെ ശേഷം 10 പേർ നീരസപ്പെടുകയും ചെയ്യുന്നു. ഇവിടെ ഈ ലേഖകന്റെ അഭിപ്രായം കൂടി രേഖപ്പെടുത്തി കൊള്ളട്ടെ. ഒരു ശെമ്മാശൻ ജനങ്ങളെയും മറ്റ് സ്ഥാനികളെയും ശുശ്രൂഷിക്കുന്ന ആളാണ്. ഒരു കശ്ശീശാ ശെമ്മാശൻമാരെയും ജനങ്ങളെയും മറ്റ് സ്ഥാനികളെയും ശുശ്രൂഷിക്കുന്ന ആളാണ്. ഒരു എപ്പിസ്കോപ്പാ കശ്ശീശൻമാരെയും ശെമ്മാശൻമരെയും ജനങ്ങളെയും മറ്റ് സ്ഥാനികളെയും ശുശ്രൂഷിയ്ക്കുന്ന ആളാണ്. അത്പോലെ എല്ലാ മഹാപുരോഹിതന്മാരും യഥാക്രമം ഈ സ്വർഗ്ഗീയ വലയത്തിൽ അത്യുന്നത ശുശ്രൂഷക്കാരാണ് നമ്മുടെ ആരാധനയിൽ നാം ചൊല്ലുന്ന 'യജമാനൻ വരുമന്നേരം'...... എന്നുള്ള ഗീതത്തിൽ പിതാവായ ദൈവം തന്റെ തോട്ടത്തിൽ വിശ്വാസത്തിൽ വേലചെയ്യുന്നവരെ മേശയ്ക്കിരുത്തും, പുത്രൻ തമ്പുരാൻ അരകെട്ടി അവരെ ശുശ്രൂഷിയ്ക്കും, പരിശുദ്ധ റൂഹാ കിരീടങ്ങളെ മുടഞ്ഞ് അവരുടെ ശിരസ്സിൽ അണിയും എന്നൊക്കെയാണല്ലോ നാം ഉച്ചത്തിൽ പാടുന്നത്. സഹോദരങ്ങളെ നാം എല്ലാവരും സ്വർഗ്ഗീയ ശുശ്രൂഷക്കാരും വിനയത്തോടു കൂടി അന്യോന്യം പരിചരിക്കേണ്ടവവുമാണ് എന്നുള്ള ദൈവ കല്പനയും വിശ്വാസ യാഥാർത്ഥ്യവും വിസ്മരിക്കാത്തവർ ഭാഗ്യവാൻമാർ. ചിലരുടെ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളും അറിയുകയും കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ ഇവയെല്ലാം മറന്ന്, ഉന്നതനായ ദൈവത്തെക്കാൾ അവർ വിജ്ഞാനികളും ഉന്നതരും ആണ് എന്ന് തോന്നിപ്പോകും. പലരും അവരുടെ ആദ്യാവസ്ഥ വിസ്മരിച്ച് കൊണ്ടാണ് കൊട്ടിഘോഷിക്കാറു

25-ാം പേജിൽ തുടർച്ച





# ഭ്രൂണഹത്യ ഒരു സമകാലീനപ്രശ്നം

സജി. ഏബ്രഹാം കുരീലയ്യം

മനുഷ്യ ജീവന്റെ പരിപാവനതയും, അതുല്യമായ മഹത്വവും അവഗണിക്കപ്പെടുന്ന ഒരു സംസ്ക്കാരത്തിൽ, മനുഷ്യ ജീവൻ ദൈവത്തിന്റെ ദാനമാണെന്നും, അതിന്റെമേൽ ദൈവത്തിനുമാത്രമേ പൂർണ്ണ അധികാരമുള്ളൂവെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം തന്റെ ഛായയിലും, സാദൃശ്യത്തിലും സൃഷ്ടിച്ച്, മഹത്ത്വവും, ബഹുമാനവുമണിയിച്ച മനുഷ്യൻ (Ps. 8:6) ആത്മഹത്യ, കൊലപാതകം ഭ്രൂണഹത്യ, ദയാവധം എന്നിവയിലൂടെയൊക്കെ മനുഷ്യ ജീവന്റെ ആമൂല്യതയ്ക്ക് കളങ്ക മേല്പിക്കുന്നു.

ജല പ്രളയത്തിനുശേഷം നോഹയെയും, പുത്രന്മാരെയും അനുഗ്രഹിച്ച്, ഭൂമിയിലുള്ള സകലതിന്മേലും വാഴുവാൻ അധികാരം നൽകിയ ദൈവം, മനുഷ്യന്റെ പ്രാണനെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന് കല്പിക്കുന്നു. (Gen. 9:5,6) കാരണം ആദി സ്രോതസ്സായ ഉണ്മയിൽ നിന്നും ഉയിർ കൊണ്ടവനാണ് മനുഷ്യൻ. താൻ സൃഷ്ടിച്ചതെല്ലാം നല്ലതായിരിയുന്നുവെന്ന് ദൈവം കണ്ടു എന്ന പ്രഖ്യാപനം തന്നെ അസ്തിത്വത്തിന്റെ അമൂല്യതയെ വിളംബരം ചെയ്യുന്നു. എന്നാൽ ആധുനിക മനുഷ്യൻ ഇവയെപ്പറ്റി എത്രമാത്രം ബോധവാനാണ്? ദൈവം രൂപകല്പന ചെയ്തതായി ജീവിതത്തെ കാണുന്നിടത്തേ, ജീവിതത്തിന്റെ അർത്ഥം ഗ്രഹിക്കാനാവൂ. ഇപ്രകാരം ജീവിതത്തെ ദൈവീകദാനമായി സ്വീകരിക്കുന്ന മനുഷ്യനാണ്, ഈശ്വരസന്നിധിയിൽ നില്ക്കുന്ന മതാത്മക മനുഷ്യൻ. അവന് ജീവിതത്തെ നിഷേധിക്കാനാവില്ല. അതിനെ പൂർണ്ണമായും അംഗീകരിച്ച് അർത്ഥം കണ്ടെത്താനാവും ശ്രമിയ്ക്കുക. ഇതിന് വിപരീതമായി ചിന്തിയ്ക്കുന്നവന് മനുഷ്യ ജീവനെ ഒരു ഉപഭോഗവസ്തുവായി മാത്രമേ കാണാനാവൂ. ഉപഭോഗവസ്തു പ്രയോജനപ്രദമാണെങ്കിലേ അതിന് മൂല്യമുള്ളൂ. പ്രയോജനമില്ലാത്തവ നശിപ്പിക്കപ്പെടാം. (ഹിറ്റ്ലറുടെ കാലത്തെപ്പോലെ) അസൗകര്യങ്ങൾ ഉണ്ടാകുന്ന മനുഷ്യ ജീവനെ നശിപ്പിക്കാനുള്ള പ്രവണത ആധുനിക യുഗത്തിൽ വർദ്ധിച്ചുവരുകയാണ്. അനുദിനം വർദ്ധിച്ചുവരുന്ന ഭ്രൂണഹത്യയെയും, ദയാവധത്തെയുപറ്റി ഈ ഒരു വിക്ഷണത്തിൽ ചിന്തിയ്ക്കാം.

> **മനുഷ്യന്റെ സാമൂഹിക ഉത്തരവാദിത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജീവന്റെ സംരക്ഷണമെന്നത്. ഒപ്പം മനുഷ്യവ്യക്തിയുടെ ആദ്യത്തെ അവകാശം ജീവിക്കാനുള്ളതാണ്. മനുഷ്യന്റെ സിദ്ധികളെല്ലാം സാദ്ധ്യതകളായി ഭ്രൂണത്തിലുള്ള തിനാൽ, ആദ്യനിമിഷം മുതൽ ഭ്രൂണം മനുഷ്യവ്യക്തിതന്നെയാണ**

## 1. ഭ്രൂണഹത്യ

"ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു, എന്റെ അമ്മയുടെ ഉദരത്തിൽ നി എന്നെ മെടഞ്ഞു (സങ്കി: 139). എന്നാൽ ഇന്ന് ഒരു കൂസലും കൂടാതെ നടത്തുന്ന ഭ്രൂണഹത്യകൾ, ദൈവീക ജീവനുമേൽ നടത്തുന്ന അതിക്രമമാണ്. ജീവനെ ഊട്ടി വളർത്തുന്നതിനുള്ള മാതൃത്വത്തിന്റെ അടിസ്ഥാന വിളിക്ക് കടകവിരുദ്ധമായ പ്രവർത്തനമാണിത്. സ്ഥിതി വിവരകണക്കുകളനുസരിച്ച് ഭാരതത്തിൽ ഒരു വർഷം 80 ലക്ഷം ഗർഭഛിദ്രങ്ങൾ നടക്കുന്നുണ്ട്. സാമ്പത്തിക ഭാരമോ, സമൂഹത്തിലുണ്ടായിരിയ്ക്കണമെന്നാഗ്രഹിക്കുന്ന മാന്യതയും, സത്പേരും നിലനിർത്തുന്നതിനോ ഒക്കെയാവാം മനുഷ്യൻ ഈ കൊടും ക്രൂരതയ്ക്ക് പ്രേരിതനാകുന്നത്. അമേരിക്കയിൽ വലിയൊരു ഗർഭഛിദ്ര ക്ലിനിക് നടത്തിയിരുന്ന ഡോ. നഥാൻസൺ താൻ ചെയ്യുന്ന പ്രവൃത്തിയെപ്പറ്റി വി. വേദപുസ്തകാടിസ്ഥാനത്തിൽ പഠിച്ചപ്പോൾ തന്റെ തെറ്റ് മനസ്സിലാകുകയും, അതിൽ നിന്ന് പിൻതിരിഞ്ഞ് ഗർഭഛിദ്രത്തിനിരയാകുന്ന ശിശുവിന്റെ വിങ്ങലും, തേങ്ങലും 'The Silent Scream' എന്ന ചിത്രമാക്കി ലോകത്തിന് കാട്ടി, അതിന്റെ ഭീകരത വെളിവാക്കുകയും ചെയ്തു.

## സമകാലിക സാമൂഹിക പ്രശ്നം:

ഗർഭഛിദ്രം സാമൂഹികമായ ഒരു പ്രശ്നമാണെന്നതിന് സംശയമില്ല. ഗർഭം ധരിച്ച ഒരു സ്ത്രീയുടെ സ്വാതന്ത്ര്യം ഭ്രൂണത്തിന്മേൽ അവൾക്കുള്ള അവകാശം, വളരാനും, ജനിക്കാനും ജീവിക്കാനും ഭ്രൂണത്തിനുള്ള അവകാശം, (ജനസംഖ്യാപരമായി പരിഗണിക്കുമ്പോൾ) ഭ്രൂണത്തോട് സമൂഹത്തിനുള്ള കടമകൾ, ഭ്രൂണത്തിന്മേലുള്ള അവകാശങ്ങൾ എന്നിവ പരിഗണിക്കപ്പെടേണ്ട വസ്തുകളാണ്. കാരണം മനുഷ്യന്റെ സാമൂഹിക ഉത്തരവാദിത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജീവന്റെ സംരക്ഷണമെന്നത്. ഒപ്പം മനുഷ്യവ്യക്തിയുടെ ആദ്യത്തെ അവകാശം ജീവിക്കാനുള്ളതാണ്. മനുഷ്യന്റെ സിദ്ധികളെല്ലാം സാദ്ധ്യതകളായി ഭ്രൂണത്തിലുള്ളതിനാൽ, ആദ്യനിമിഷം മുതൽ ഭ്രൂണം മനുഷ്യവ്യക്തി തന്നെയാണ്. സാഹചര്യങ്ങൾ അനുകൂലമായെങ്കിലേ, അവ പൂർണ്ണതയിൽ പ്രത്യക്ഷമാകുകയുള്ളൂ.

സുഖം, സന്തോഷം, സ്വാതന്ത്ര്യം, സത്പേര്, സാമ്പത്തികോന്നമനം എന്നിങ്ങനെ ഓരോരുത്തരും കാമ്യമെന്ന് തോന്നുന്ന ഏത് ലക്ഷ്യത്തിനു വേണ്ടിയും ഗർഭസ്ഥ ശിശുവിനെ ആക്രമിക്കാനുള്ള കൂസലില്ലായ്മ, ദൈവിക ജീവന്റെ മേൽ നടത്തുന്ന അതിക്രമമാണ്.

അതുകൊണ്ടാണ്, തന്റെ ജീവകാലത്ത് ജീവനെ സൂക്ഷ്മതയോടെ പരിപാലിച്ച പാവങ്ങളുടെ അമ്മ (മദർ തെരേസ) ഭ്രൂണഹത്യയ്ക്കെതിരെ ശബ്ദമുയർത്തിയത്.

1994 ഫെബ്രുവരി മാസം 3-ാം തീയതി വാഷിംഗ്ടണിൽ പ്രസിഡന്റ് ബിൽക്ലിന്റൺ, വൈസ് പ്രസിഡന്റ് അൾദഗാർ എന്നിവരുൾപ്പെടുന്ന വലിയ സമൂഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയങ്ങളാണ്.

"ഇന്ന് സമാധാനത്തിന്റെ അന്തകൻ ഭ്രൂണഹത്യയാണെന്ന് ഞാൻ കരുതുന്നു. കാരണം, അത് ഒരു കുഞ്ഞിനെതിരെയുള്ള യുദ്ധമാണ്. അവനെ കൊലചെയ്യലാണ്. അവന്റെ അമ്മതന്നെ ചെയ്യുന്ന ആദ്യകൊല. തന്റെ ഓമനകുഞ്ഞിനെപ്പോലും ഒരമ്മയ്ക്ക് കൊല്ലാമെങ്കിൽ, അപരനെ കൊല്ലരുതെന്ന് നമുക്കെങ്ങനെ മറ്റുള്ളവരോട് പറയാനാവും? ഭ്രൂണഹത്യ അംഗീകരിക്കുന്ന ഒരു രാജ്യം എന്തു ശക്തിയുപയോഗിച്ചും തനിക്കു വേണ്ടിയത് നേടിയെടുക്കുവാനാണ്, മനുഷ്യനെ പ്രേരിപ്പിക്കുക, അല്ലാതെ സ്നേഹിക്കാനല്ല. ലോകത്തെമ്പാടും ഞാൻ വിളിച്ചു പറയും. "ആ കുഞ്ഞിനെ നമുക്ക് വളർത്താം. കുടുംബത്തിന് ദൈവം തന്ന ദാനമാണ്, ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവൻ" ഈ കുഞ്ഞുങ്ങൾ നമ്മുടെ പരിപാലനയുടെ കേന്ദ്രമാകട്ടെ!

ജീവനെ ബഹുമാനികുന്ന ഒരു മനുഷ്യ സംസ്കാരത്തിന് മാത്രമേ അർത്ഥവത്തായ പുരോഗതി കൈവരിക്കാനാവൂ. മനുഷ്യ ജീവൻ ദൈവ സാദൃശ്യമുൾക്കൊള്ളുന്നു വെന്ന ബോദ്ധ്യമാണ്. വളർത്തിയെടുക്കേണ്ടത്.

## ക്രിസ്തീയ വിക്ഷണത്തിൽ:

ഗർഭഛിദ്രത്തെകുറിച്ചുള്ള ക്രിസ്തീയ വിക്ഷണത്തിൽ കൂടുതൽ ഏകരൂപമായ അഭിപ്രായം കാണാൻ സാധിയ്ക്കും. പഴയ നിയമത്തിൽ ഒരിടത്തുമാത്രമേ ഗർഭഛിദ്രത്തെപ്പറ്റി വ്യക്തമായി പരാമർശിയ്ക്കുന്നുള്ളൂ "ആളുകൾ കലഹികുന്നതിനിടയിൽ ഒരു ഗർഭിണിയ്ക്ക് ദേഹോപദ്രവമേറ്റ് ഗർഭഛിദ്രം സംഭവിച്ചാൽ, അവളുടെ ഭർത്താവ് അവശ്യപ്പെടുകയും, മദ്ധ്യസ്ഥന്മാർ നിശ്ചയിക്കുകയും ചെയ്യുന്നതുക പിഴയായി നല്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു (പുറ: 21: 22) മനപൂർവും, അല്ലാതെയുമുള്ള ഗർഭഛിദ്രം കുറ്റകരമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ക്രിസ്തീയ പ്രബോധനം ആദ്യനൂറ്റാണ്ടു മുതലേ ഗർഭഛിദ്രത്തെ അപലപിച്ചിരുന്നു. 'പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പ്രബോധന (Didache) ത്തിൽ'- ഗർഭഛിദ്രം വഴി ശിശുവിനെ കൊല്ലുന്നവനത് കൊലപാതകിയ്ക്കുള്ള ശിക്ഷ നൽകണമെന്ന് അനുശാസിക്കുന്നു.

## സഭാ പിതാക്കന്മാർ:-

സഭയുടെ അടിസ്ഥാന പരമായ തത്വം, തെർത്തുല്യൻ വ്യക്തമാക്കുന്നു.

മുൻകൂറായി നടത്തുന്ന നരഹത്യയാണ്, ജനിക്കാൻ അനുവദിക്കാതിരിക്കുക. ജനിച്ച ഒരാന്മാവിനെയാണോ, വകവരുന്നുന്നത്. എന്നത് പ്രധാനമല്ല. രക്തം ശിശുവായി രൂപം കൊള്ളുന്ന അവസരത്തിൽ പോലും ഭ്രൂണത്തെ ഗർഭശയത്തിൽ വച്ച് കൊല്ലുക, നിഷിദ്ധമാണ്. ജനനം നിഷേധിക്കുക, കൊലപാതകം ത്വരിതപ്പെടുത്തുന്നതിന്, തുല്യമാകുന്നു. എല്ലാപഴവും, അതിന്റെ വിത്തിലുള്ളതുപോലെ, മനുഷ്യനാകാൻ പോകുമ്പോഴും മനുഷ്യൻ മനുഷ്യൻ തന്നെ".

(Apologia quoted in 'Abortion an ethical Discussion - London 1973)

ക്രിസ്ത്വാബ്ദം 1-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യഹൂദതാത്വികനും, ദൈവശാസ്ത്രജ്ഞനുമായിരുന്ന ഫിലൊ, വളർച്ചയെത്തിയ ഭ്രൂണത്തെ നശിപ്പിക്കുന്നവർക്ക് മരണശിക്ഷയാണ് വിധിച്ചിരിക്കുന്നത്. മനപൂർവ്വം ഗർഭഛിദ്രം നടത്തുന്നവർ 'ദൈവനിഷേധിയാണെന്ന് കപ്പദോക്യൻ പിതാവായിരുന്ന വി. ബസ്സേലിയോസ് അഭിപ്രായപ്പെട്ടിരുന്നു 'ഗർഭഛി'ദ്ര മരുന്നുകൾ കഴിച്ച് , ഗർഭഛിദ്രം നടത്തിയും ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കരുതെന്ന് അലക്സന്ത്രിയായിലെ ക്ലമന്റ് എഴുതുന്നു എ.ഡി. 138-ൽ എഴുത്തപ്പെട്ട ബർന്നബാസിന്റെ ലേഖനത്തിലും ഇതേ ആശയം കാണുന്നു. ഗർഭഛിദ്രം നടത്തുന്നവർ, കൊലപാതകികളെന്ന നിലയിൽ ദൈവത്താൽ വിധിക്കപ്പെടുമെന്ന് എ.ഡി. 177-ൽ ചക്രവർത്തിയായിരുന്ന മാർക്കസ് ഔറേലിയസിന് അത്തനഗോറസ് എഴുതിയിരിക്കുന്നതായി കാണാം. ദൈവപരിപാലനയുടെ സംരക്ഷണയിലുള്ള ശിശുക്കളെ ഉമ്പൂലനം ചെയ്യുന്നവരെ അദ്ദേഹം ശപിക്കുന്നു.

സഭ എന്നും ഗർഭഛിദ്രത്തിന് എതിരായിരുന്നെവെന്ന് ഇവ തെളിയിക്കുന്നു. ആവശ്യപ്പെടുന്നവർക്ക് ഗർഭഛിദ്രം അനുവദിക്കുകയെന്ന നയം സ്വീകരിച്ചാൽ, അത് കുത്തഴിഞ്ഞ അസാന്മാർഗ്ഗികതയ്ക്ക് വഴിതെളിയ്ക്കുമെന്ന് പൂർവ്വ പിതാക്കന്മാർ മുൻകൂട്ടി കണ്ടിരുന്നു.

## ഹൈന്ദവ ധർമ്മ ശാസ്ത്ര വിധി പ്രകാരം:

ഗർഭസ്ഥനായ ശിശു, അത് ഏത് അവസ്ഥയിലുള്ളതാവട്ടെ, ജീവിതദൗത്യവും, സാഫല്യവും സാധിക്കുന്നതിലുള്ള പരിശ്രമത്തിലാണ്, ഏർപ്പെട്ടിരിയ്ക്കുന്നത്. ഗർഭഛിദ്രം ആ ദൗത്യനിർവ്വഹണത്തിന് വിരുദ്ധമാകയാൽ കൊടും ക്രൂരതയാണ്.

## (a)അനന്തരഫലങ്ങൾ:

ശാരിരികഫലങ്ങൾ: സോവിയറ്റ് ശാസ്ത്രജ്ഞരെ പ്രതിനിധികരിച്ച് ഡോ. കാൾമുള്ളർ അഭിപ്രായപ്പെടുന്നത് , ഗർഭഛിദ്രം വിധേയരാകുന്നവരിൽ 0.6% മുതൽ 1% വരെ പേർക്ക് മരണത്തിനിടയുണ്ടാകാമെന്നാണ്. 30% പേർക്ക് വന്ധ്യത്വമുണ്ടാകാം. എത്ര സ്ത്രീകൾ ഗർഭഛിദ്രം നടത്തുന്നുവോ, അത്രയും സ്ത്രീകൾ രോഗികളാകുന്നുവെന്ന്, ഈ മേഖലയിലെ പ്രഗത്ഭർ മുന്നറിയിപ്പു നൽകുന്നു. തുടർച്ചയായി ഗർഭഛിദ്രം നടത്തിയാൽ മാതാവിനെയും, പിന്നിടുണ്ടാകുന്നു കുഞ്ഞുങ്ങളെയും അത് ദോഷകരമായി ബാധിയ്ക്കും. ഗർഭധാരണം പോലെ, ഗർഭഛിദ്രവും സ്ത്രീയുടെ വ്യക്തിത്വത്തെ മുഴുവനായി ബാധിയ്ക്കും അതിന്റെ ഫലം ജീവിതകാലം മുഴുവൻ പ്രത്യക്ഷമാകും.

## (b) മാനസിക ഫലങ്ങൾ

1949-50 വർഷങ്ങളിൽ സ്വീഡനിൽ നടത്തിയ പഠനങ്ങൾ തെളിയിച്ചത്, ഗർഭഛിദ്രം നടത്തുന്നവരിൽ 37% പേർക്കെങ്കിലും വിവിധ തരത്തിലുള്ള മാനസിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുവെന്നാണ്. ഗർഭഛിദ്രത്തിന് സ്വമേധയാ വിധേയരാവുകയാണോ, അതോ മറ്റുള്ളവരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണോ, അത് ചെയ്യുന്നത് എന്നതിനെ ആശ്രയിച്ചിരിയ്ക്കും, അനന്തരഫലങ്ങളുടെ ഏറ്റകുറച്ചിൽ. എന്തായാലും ഗർഭഛിദ്രം നടത്തുന്ന സ്ത്രീകളിൽ ഭൂരിഭാഗവും തങ്ങൾ ജീവനെ ഹനിക്കുകയെന്ന 'പാപം' ചെയ്ത്, ദൈവ നിയമം ലംഘിച്ചവരാണെന്ന് ബോദ്ധ്യമുള്ളവരാണ്. അതുകൊണ്ട് തന്നെ കുറ്റബോധം അവരുടെ മനസ്സിനെ നിരന്തരം അലട്ടിക്കൊണ്ടിരിയ്ക്കും.

1968-ൽ ഗർഭഛിദ്രത്തിന് നിയസാധുത്വം കൊടുക്കുവാൻ ബ്രിട്ടീഷ് പാർലലമെന്റിൽ, ചർച്ചകളും, വാദപ്രതിപാദങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു എം. പി. യായിരുന്ന നോർമൻ സ്റ്റീവാസ് പറഞ്ഞു" ജീവനോടുള്ള മനോഭാവമാണ് ഗർഭഛിദ്രത്തിൽ നിഴലിയ്ക്കുക. ലാഘവബുദ്ധിയോടെ അതിനെ കണക്കാക്കിയാൽ അതിന്റെ പരിണിതഫലം മറ്റ് തുറകളിലും കാണാതിരിക്കില്ല. ഗർഭഛിദ്രത്തിന് നിയമാധുത്വം കൊടുത്താൽ കാരുണ്യ വധത്തിന് (Mercy Killing) നിയമസാധുത്വം കൊടുക്കാനുള്ള നീക്കങ്ങളും അധികം താമസിയാതെ ഉണ്ടാകും" സ്റ്റീവാസിന്റെ ഈ പ്രവചനം 6 മാസത്തിനുള്ളിൽ തന്നെ യാഥാർത്ഥ്യമാകുകയും ചെയ്തു.

## ദയാവധം

ദയാവധം അതിൽ തന്നെ ആത്മാഹത്യയോ കൊലപാതകമോ ആയതിനാൽ ഒഴിവാക്കേണ്ട പ്രവൃത്തിയാണ്. ഇത്രയും ദൈവിക ജീവനു നേരെ ഉയർത്തുന്ന വെല്ലുവിളിയാണ്. പ്രതീക്ഷയറ്റ മാറാരോഗികൾ ദയാവദം ആവശ്യപ്പെടുമ്പോൾ, യാഥാർത്ഥത്തിൽ അവർ തേടുന്നത് ക്രൂരമായ വധമല്ല, മറിച്ച് അവർ തങ്ങളുടെ നിരാശയിൽ സ്നേഹത്തിനായി നിലവിളിക്കുകയാണ്. വാത്സല്യത്തോടുള്ള പരിചരണമാണ്, അവർക്ക് നല്കേണ്ടത്.

മാറാരോഗം, ദുസ്സഹമായ വേദന തുടങ്ങിയവ അനുഭവിക്കുന്നവർക്ക് തങ്ങളുടെ ജീവിതം. അന്തസ്സോടെ അവസാനിപ്പിക്കാൻ അവകാശമുണ്ടെന്നും, അതിന് സഹായിക്കാൻ ഡോക്ടർമാർക്ക് അധികാരം നല്ണമെന്നുമുള്ള വാദം പല രാജ്യങ്ങളിലും ശക്തിപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. 1993-ൽ തന്നെ ഇതിനുള്ള നിയമനിർമ്മാണം ഹോളണ്ടിൽ നടന്നു. അവിടെ പ്രതിവർഷം 20000 ത്തോളം പേർ ദയാവധത്തിനു വിധേയമാകുന്നുവെന്ന് സ്ഥിതി വിവരകണക്കുകൾ വെളിപ്പെടുത്തുന്നു.

ഇതിന്റെ പ്രത്യാഘാതങ്ങൾ നിരവധിയാണ്. നാസിഭരണകാലത്ത് ജർമ്മനിയിൽ ദയാവധത്തിന്റെ മറവിൽ നടന്ന ക്രൂരത മനുഷ്യ ചരിത്രത്തിലെ കറുത്ത അദ്ധ്യായമാണ്. ലക്ഷകണക്കിന് രോഗികളും അംഗവൈകല്യമുള്ളവരും കുരുതി കഴിക്കപ്പെട്ടു. ലോകത്തെ ഞെട്ടിച്ച വംശഹത്യയിലാണ് അത് അവസാനിച്ചത്. ഉറ്റ ബന്ധുക്കൾ പോലും തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവിതം അവസാനിച്ചു കാണാൻ വെമ്പൽ കൊണ്ടു.

സ്നേഹോഷ്മളമായ പരിചരണം രോഗികൾക്ക് നല്കുന്നതിനുള്ള കടമയുണ്ടെന്ന സങ്കല്പമാണ്; ഇത് മൂലം തകരുന്നത്. തങ്ങളെ വാത്സല്യപൂർവ്വം വളർത്തിയ മാതാപിതാകളെ 'സൗകര്യത്തിനായി' വൃദ്ധഭവനങ്ങളിലാക്കുവാൻ വ്യഗ്രത കാട്ടുന്ന ആധുനിക തലമുറ അവരെ ദയാവധത്തിന് വിധേയമാക്കുന്നതും, 'സൗകര്യമായി' കരുതുന്നതിൽ അത്ഭുതപ്പെടാനില്ല.

ജീവന്റെ മേൽ, ദൈവത്തിനു മാത്രമുള്ള അധികാരത്തെ പിടിച്ചെടുക്കുവാൻ ശ്രമിയ്ക്കുന്ന ഭോഷനായ മനുഷ്യൻ, ദൈവത്തിന്റെ മന്ദിരത്തെ തന്നെയാണ് നശിപ്പിക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല.

## സഭ ഉണരണം:

ഏതെങ്കിലും വിധത്തിൽ മനുഷ്യനെ നശിപ്പിയ്ക്കുകയോ, മനുഷ്യന്റെ വിലകുറയ്ക്കുകയോ ചെയ്യുന്ന സകലതിൽ നിന്നും അവനെ രക്ഷിക്കാനുള്ള തന്റെ ദൈവവിളിയെപ്പറ്റി തികച്ചും ബോധവതിയായ സഭയ്ക്ക്, ജീവന്റെമേലുള്ള കൈകടത്തലുകളിൽ, മൗനം ഭജിക്കാനാവില്ല. കാരണം കർത്താവ് ഭൂമിയിൽ വന്നു പിറന്നതുതന്നെ മനുഷ്യന് ജീവൻ അതിന്റെ സമൃദ്ധിയിൽ നല്കുവാനായിട്ടാണ്. (യോഹ. 10. 10.) അങ്ങനെ പറയുക മാത്രമല്ല, മനുഷ്യന്റെ ജീവന് ഒരു പോറലേല്ക്കുന്നതുപോലും തന്റെ പരസ്യശുശ്രൂഷാവേളയിൽ കർത്താവ് ഗൗരവമായി പരിഗണിച്ചു. കാരണം, നല്ല ഇടയൻ ആടുകളുടെ ജീവൻ സംരക്ഷിയ്ക്കാനും, പരിപാലിയ്ക്കുവാനും ബാദ്ധ്യസ്ഥനാണ്.

ഏറ്റം ദുർബലനായ ഒരു വൃദ്ധനിലും ജീവിക്കാനുള്ള അവകാശം അഭംഗുരമാണ് തീരാവ്യാധികൾ പെട്ട രോഗിക്കും ആ അവകാശം നഷ്ടപ്പെടുന്നില്ല. ജനിച്ചു വീണ ഒരു കുഞ്ഞിന്, വളർച്ചയെത്തിയ ഒരു മനുഷ്യനെക്കാൾ ആ അവകാശം കുറവല്ല. ഭ്രൂണാവസ്ഥയിലായിരിയ്ക്കുന്ന ശിശുവും ഇതിൽ നിന്ന് വ്യത്യസ്തനല്ല. മനുഷ്യ ജീവൻ ആരംഭിയ്ക്കുന്നതുമുതൽ ജീവനോടുള്ള ബഹുമാനം കാണിയ്ക്കാൻ ആ ജീവൻ നമ്മോടാവശ്യപ്പെടുന്നു പിണ്ഡാകാരമായിരിയ്ക്കുമ്പോൾ, തന്നെ മാംസകഷണങ്ങളാക്കി അമ്മയിൽ, നിന്നും വേർപെടുത്തപ്പെടുന്ന ശിശുവിന്റെയും സ്നേഹത്തിനായി കേഴുമ്പോൾ ദയാവധത്തിന് വിധേയരാക്കുന്നവരുടെയും നിശബ്ദവിലാപം നമുക്ക് ശ്രവിക്കാനാവുമോ?

☹

# സുവിശേഷ സന്ദേശം

ഫാ. കുര്യൻ ഡാനിയേൽ

### ഓശാന ഞായറാഴ്ച (ബാലികാബാല ദിനം) വി: യോഹന്നാൻ 12: 12–19

ഇന്ന് പരിപാവനമായ ഊശാനപ്പെരുന്നാൾ രാജാധിരാജാവും സകലത്തിനും അധിപനുമായ ദൈവപുത്രനെ യഹൂദമതത്തിന്റെ ആരാധയുടെ സിരാകേന്ദ്രമായ യരുശലേമിലേക്ക് ഈന്തപ്പനയുടെ കുരുത്തോലയേന്തിയ വലിയ സംഘം ഹോശന്നാ പാടി എതിരേൽക്കുന്ന വലിയ അനുഭവം സമവീക്ഷണ സുവിശേഷങ്ങളിലും വി: യോഹന്നാന്റെ സുവിശേഷത്തിലും വിവരിച്ചിട്ടുള്ള ഹോശന്നാ സംഭവം ആധുനിക യുഗത്തിൽ ഭൗതീക, ആത്മീക മണ്ഡലങ്ങളിലുയർത്തുന്ന ചിന്തകൾ ചെറുതല്ല, ജയപ്രവേശം (The Triumphal Entry) എന്നാണ് വേദചിന്തകന്മാർ മശിഹായുടെ യരുശലേം ആഗമനത്തെ വിശേഷിപ്പിക്കുന്നത്. ഊശാനപ്പെരുന്നാളിൽ കുരുത്തോലകളുമേന്തി ഹോശാനാ പാടിക്കൊണ്ടുള്ള പ്രദക്ഷിണവും ശുശ്രൂഷകളും ആ മഹാസംഭവത്തെ ഓർക്കുവാൻ മാത്രമല്ല, ആക്ഷരീകമായും ആത്മാർത്ഥമായും അതിനെ ഉൾക്കൊള്ളുവാനും ഈ പെരുന്നാളിന്റെ മഹൽ സന്ദേശം ഗ്രഹിപ്പാനും നമ്മെ പ്രാപ്തരാക്കണം. പരിശുദ്ധ സഭ ബാലികാബാല ദിനമായി ആചരിക്കുന്ന ഇന്ന് കർത്താവിന് ഹോശന്നാ പാടിയ നിഷ്കളങ്കരായ പൈതങ്ങളെപ്പോലെ സഭയിൽ യേശുവിന്റെ നാമം ഉയിർത്തുവാനും യേശുവിനെ പ്രസാദിപ്പിക്കുന്നവരായിത്തീരുവാനും നമ്മുടെ ബാലികാ ബാലന്മാർക്ക് സംഗതിയാവാൻ പ്രാർത്ഥിക്കണം.

യരുശലേമിലേക്ക് എഴുന്നള്ളുന്ന യേശുവിന്റെ വർത്തമാനകാല സാഹചര്യം തിരുവചന വെളിച്ചത്തിൽ പഠിക്കുമ്പോൾ ഇന്നും എന്നും തന്റെ ആഗമനത്തിന്റെ മാതൃക ദർശിക്കാൻ നമുക്കാവും. പെസഹാ പെരുന്നാളിന്റെ തിരക്കുള്ള നാളുകളിൽ യരുശലേമിലേക്ക് യേശു നടത്തിയ പ്രവേശനത്തിന്റെ പ്രത്യേകതകൾ നോക്കാം.

#### 1 ഭയരഹിതമായ പ്രവേശനം (Fearless Entry)

വളരെയടയാളങ്ങൾ പ്രവർത്തിച്ച, ജനത്തെയാകമാനം സ്വാധീനിച്ച യേശു യഹൂദ പ്രമാണികൾക്ക് ഇടർച്ചയായി. ഭവിച്ചു മരിച്ച് ദിവസങ്ങളായ ലാസറിനെ താൻ ഉയിർപ്പിച്ചതോടുകൂടി അവരുടെ വൈരം ആളിക്കത്തി. അവർ യേശുവിനെ കൊല്ലുവാൻ ആലോചിച്ചു. ജനം മുഴുവൻ നശിച്ചു പോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നത് നല്ലത് എന്ന് മഹാപുരോഹിതനായ കയ്യാഫാവും പറഞ്ഞു. (യോഹ 11:50) അവൻ ഹേതുവായി യഹൂദന്മാർ യേശുവിൽ വിശ്വസിച്ചിരിക്കുന്നതിനാൽ ലാസറിനെയും കൊല്ലുന്നതിന് അവർ പദ്ധതിയിട്ടു. എന്നാൽ തന്റെ ശിഷ്യന്മാരോട് യേശുപറഞ്ഞു "ഇതാ നാം യരുശലേമിലേക്കുപോ കുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടെയും കൈയിൽ ഏല്പിക്കപ്പെടും? അവർ അവനെ മരണത്തിനു വിധിച്ചു ജാതികൾക്ക് ഏല്പിക്കും. അവർ അവനെ പരിഹസിക്കയും തുപ്പുകയും തല്ലുകയും കൊല്ലുകയും മൂന്നുനാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കയും ചെയ്യും" മർക്കോസ് 10: 33,34 യരുശലേം പ്രവേശനത്തിനു മുമ്പ് ബഥാന്യയിലേക്ക് യേശു പുറപ്പെടുമ്പോൾ തോമാശ്ലീഹായുടെ ധൈര്യ വാചകം ശ്രദ്ധിക്കുക "അവനോടു കൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ 11: 16) ഭയപ്പാടിന്റെ സാഹചര്യങ്ങൾ ഒട്ടനവധിയുണ്ടായിരുന്നിട്ടും യേശു ഭയരഹിതനായി യേരുശലേം പൂകി. ധാർമിക രോഷം തന്നെക്കൊണ്ട് ദേവാലയത്തിൽ ചാട്ടവാറെടുപ്പിച്ചു. മനുഷ്യന്റെ മുഖ്യമായ ഭയഹേതു മരണമാണ്. എന്നാൽ ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള തനിക്ക് ആരെയാണ് എന്തിനെയാണ് ഭയപ്പടുവാനുള്ളത്.

#### 2. രാജോചിതമായ പ്രവേശനം (Royal entry)

രാജവാഴ്ചയെത്തുടർന്ന് രാജാവിനോടുള്ള ആദരവും അംഗീകരണവും കാണിച്ചിരുന്നത് കുതിരപ്പടയുടെ അകമ്പടിയോടുള്ള എഴുന്നള്ളത്തിനാൽ രാജാവിനെ സ്വീകരിച്ചുകൊണ്ടാണ്. ലോകത്തിന്റെ ഏതു കോണിലുമുള്ള .യഹൂദൻ പെസഹാ പെരുന്നാളിന് യരുശലേമിൽ എത്തിയിരുന്നു. അവർ യേശുവിനെ അന്വേഷിച്ചു ദേവാലയത്തിൽ നിന്നുകൊണ്ട്, എന്തു തോന്നുന്നു? അവൻ പെരുന്നാളിന് വരികയില്ലയോ എന്നു തമ്മിൽ പറഞ്ഞു യോഹ: 11: 56. മരിച്ച ലാസറിനെയുയർപ്പിച്ച യേശുവിനെ കാണാൻ എത്തിയ ജനമുൾപ്പെടെ വലിയ സംഘം ഈന്തപ്പനയുടെ കുരുത്തോല എടുത്തും കൊണ്ട്, വഴിയിൽ തങ്ങളുടെ വസ്ത്രങ്ങളെ വിരിച്ചു കൊണ്ട് യേശുവിന് ഹോശന്നാപാടി. കുരുത്തോല വിജയത്തിന്റെ ചിഹ്നമാണ്. വെളിപാടുപുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു "ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണികൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കൈയിൽ കുരുത്തോലയുമേന്തി സിംഹാസനത്തിനും കുഞ്ഞാടിനും, മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു. രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു" വെളിപാട് 7: 9,10. ഹോശന്നാ എന്നവാക്കിന്റെ ആർത്ഥം ഇപ്പോൾ രക്ഷിക്ക (Save now) എന്നാണ്. ഇത് ഒരു പ്രാർത്ഥനയാണ് സങ്കീർത്തനം 118: 25 "യഹോവ ഞങ്ങളെ രക്ഷിക്കണമേ, യഹോവേ ഞങ്ങൾക്കു ശുഭത നൽകണമേ". എന്നാൽ പിൽക്കാല ഉപയോഗത്തിൽ മശ്ഹീഹൈക രക്ഷയെ പ്രതി അണയ്ക്കുന്ന സ്തുതിപ്പായി ഈപദം മാറി.

#### 3.സമാധാനപരമായ പ്രവേശനം (Peaceful Ent ry)

യരുശലേം പ്രവേശനത്തിന് യേശു ഒരു കഴുതയെ തിരഞ്ഞെടുത്തത് അർത്ഥപൂർണ്ണമാണ്. അക്കാലത്ത് യുദ്ധത്തിന് കുതിരയും സമാധാനഗമനത്തിന് കഴുതയും ഉപയോഗിക്കപ്പെട്ടിരുന്നു. സമാധാനത്തിന്റെ പ്രഭുവായതനിക്ക് പ്രവാചക മൃഗമായ കഴുതതന്നെയായിരുന്നു വാഹനം, ഇത് കാലങ്ങൾക്കു മുമ്പതനെ ഒരു പ്രവചന നിവൃത്തിയുമായിരുന്നു "സീയോൻ പുത്രിയെ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക യരുശലേം പുത്രിയേ ആർപ്പിടുക ഇതാ നിന്റെ രാജാവ് നിന്റെയടുക്കൽ വരുന്നു അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുയുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു" സെഖര്യാവ് 9:9.

എഫേസ്യർ 2: 14 "അവൻ നമ്മുടെ സമാധാനം" സമാധാനവും സമാധാനകാംക്ഷിയുമായ കർത്താവ് യരുശലേമിനെ നോക്കി നടത്തുന്ന വിലാപം ശ്രദ്ധിക്കപ്പെടുന്നതാണ് "അവൻ നഗരത്തിനു സമീപിച്ചപ്പോൾ അതിനെ കണ്ടു ഇതിനെക്കുറിച്ച് കരഞ്ഞു. ഈ നാളിൻ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞുവെങ്കിൽ കൊള്ളാമായിരുന്നു" ലൂക്കോസ് 19: 41.

ഭയ രഹിതനായി രാജോചിതമായി, എന്നാൽ സമാധാനപരമായി ഉൾപ്രവേശനം നടത്തുന്ന യേശുവിന് വേണ്ടി നമ്മുടെ ജീവിതവാതായനങ്ങൾ തുറന്നിടണം യരുശലേമിലേക്ക് ദൃഷ്ടിവച്ച യേശുകണ്ടത് കാൽവറിയാണ്. തന്റെ കാൽവറിയിലെ പരമായാഗം പാപികളായ നമുക്ക് രക്ഷയും പിതാവാം ദൈവത്തിങ്കലേക്കുള്ള അടുപ്പവുമായി, കാൽവറിയുടെ നിർമ്മലമായ ഭാവങ്ങളിലേക്കാണ്പീഢാനുഭവ ആഴ്ചയിൽ സഭ പ്രവേശിക്കുന്നത്. അതിന്റെ ഉച്ചസ്ഥാനീയ ഭാവമാകട്ടെ പ്രത്യാശ നിറഞ്ഞ പുനരുത്ഥാനവും. പ്രത്യാശയുടെ പൊൻ പ്രഭാതം വിരിയിക്കുന്ന മറ്റൊരു ഉയിർപ്പു പെരുന്നാളിലേക്കു കൂടി നമുക്ക് കടന്നു ചെല്ലാം, സമാധാനപരമായി രാജോചിതമായി, ഭയമില്ലാതെ വിശുദ്ധിയോടുകൂടി.

### ഉയിർപ്പു ഞായറാഴ്ച വി: മത്തായി 28: 1–20

മഹാസന്തോഷത്തിന്റെയും പ്രത്യാശയുടെയും പെരുന്നാൾ ഇന്ന് സഭ കൊണ്ടാടുന്നു. നമ്മുടെ കർത്താവിന്റെ രക്ഷണ്യമായ പീഢാനുഭവവും പരിശുദ്ധ വലിയ നോമ്പും ചേർന്ന് ദീർഘങ്ങളായ വൃതകാലത്തിന്റെ പരിസമാപ്തി. പെരുന്നാളുകളുടെ പെരുന്നാളായ ഉയിർപ്പുപെരുന്നാൾ പാപത്തെയും മരണത്തെയും നിഹനിച്ച് യേശു ഉത്ഥിതനായി. മരിച്ചവരിൽ നിന്നുള്ള ആദ്യഫലമായി മരണാതീതൻ കാണപ്പെട്ടു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൂതൻ പുനരുത്ഥാനം ആദ്യം വിളംബരം ചെയ്തു. കല്ലറ കാണുവൻ ചെന്ന സ്ത്രീകൾ ഉത്ഥിതനായ കർത്താവിനെ പ്രഥമമായി ദർശിച്ചുവെന്ന ഭാഗ്യംനേടി. നീതിസൂര്യൻ കാൽവറിയിൽ വേദനയനുഭവിച്ചതുകൊണ്ട് ഇരുണ്ടുപോയ സൂര്യൻ മൂന്നാംനാൾ പ്രഭാതകിരണങ്ങളാൽ പുനരുത്ഥാനം കണ്ടു. ശിഷ്യന്മാരിലൂടെ സർവ്വലോകത്തിനും സാക്ഷികൃതമായ പുനരുത്ഥാന കർമ്മത്തിന് സഭാ സമൂഹത്തിന്റെയിങ്ങേയറ്റത്ത് ഈ സഹസ്രാബ്ദപുലരിയിൽ നാമും സാക്ഷികളാവുകയാണ്. പൗരസ്ത്യ പിതാക്കന്മാരുടെ എഴുത്തുകളിലും ആരാധനാസംവിധാനത്തിലും ഉയിർപ്പിന്റെ മഹത്വത്തെക്കുറിച്ചുള്ള വർണ്ണന വളരെ വലുതാണ്. അത് ഇന്നും പ്രസക്തവുമാണ് സഭാജീവിതത്തിൽ കർത്താവിന്റെ പുനരുത്ഥാനത്തിന് പക്വമായ അർത്ഥമുണ്ട്, സന്ദേശമുണ്ട്, നിറഞ്ഞ വാഗ്ദാനവുമുണ്ട്.

#### 1 പുനരുത്ഥാനം -ഒരു രണ്ടാം ജഢാവതാരം (Ressurection- a second Incarnation)

നാലാം നൂറ്റാണ്ടിലെ കവിയും ദൈവശാസ്ത്രജ്ഞനുമായ മാർ അപ്രേം പറയുന്നത് കല്ലറ യേശുവിന് അമ്മയായിരുന്നുവെന്നാണ്. കാലങ്ങൾക്കുമുമ്പ് തനിക്കു ശരീര പ്രകാരം മാതാവില്ലാതിരിക്കെ പിതാവിൽ നിന്നു ജനിച്ചതിനാൽ പിതാവിനെ ഒന്നാം അമ്മയായും കാലപൂർണ്ണതയിൽ തനിക്കു ശരീര പ്രകാരം പിതാവില്ലതിരിക്കെ കന്യകയിൽനിന്നു ജനിച്ചതിനാൽ മറിയാമിനെ രണ്ടാം അമ്മയായും, പരസ്യശുശ്രൂഷയ്ക്ക് സ്നാനമേറ്റു കയറിയ യോർദ്ദാനെ മൂന്നാം അമ്മയായും മൂന്നുനാൾ തന്നെ ഉള്ളിൽ വഹിച്ച ശേഷം പ്രസവിച്ച കല്ലറയെ നാലാം അമ്മയായും തന്നെ പിടിച്ചുവയ്ക്കാതിരുന്ന പാതാളത്തെ

## പ. സുന്നഹദോസ് നിശ്ചയങ്ങൾ

**കോട്ടയം:** പരുമല പള്ളിയുടെ കുദാശ ജൂൺ 30 തിനും ജൂലൈ ഒന്നിനുമായി നടത്തുമെന്ന് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് അറിയിച്ചു. മലങ്കര ഓർത്തഡോക്സ് സഭ ഒറീസയിൽ ദത്തെടുത്ത കട്ടക്ക് ഗ്രാമത്തിൽ 40 ഭവനങ്ങളുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പഴയ സെമിനാരി സോഫിയ സെന്ററിൽ പരി. കതോലിക്കാബാവയുടെ അദ്ധ്യക്ഷതയിൽ നടന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങൾ അറിയിക്കുകയായിരുന്നു അദ്ദേഹം.

കാതോലിക്കാ ദിനാഘോഷം ഏപ്രിൽ 9 ന് ഭദ്രാസന തലത്തിൽ വിപുലമായി നടത്തുവാനും, പ്രീമാരിറ്റൽ കൗൺസലിംഗ് ഭദ്രാസന തലത്തിൽ ആരംഭിക്കുവാനും നിശ്ചയിച്ചു. നാഗ്പൂർ സെമിനാരി ഗവേണിംഗ് ബോർഡ് സീനിയർ വൈസ് പ്രസിഡന്റായി നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസിനേയും സഭാ സ്റ്റാൻഡിംഗ് കമ്മറ്റിയിലേയ്ക്ക് ഫിലിപ്പോസ് മാർ യൗസേബിയോസിനെയും, വർക്കിംഗ് കമ്മറ്റിയിലേ യ്ക്ക് മാത്യുസ് മാർ എപ്പിഫാനിയോസിനെയും നിയമിച്ചു.

പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തോമസ് മാർ തിമോത്തിയോസ്, എപ്പിസ്ക്കോപ്പൽ രജതജൂബിലി ആഘോഷിക്കുന്ന ഗീവർ ഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ മക്കാറിയോസ്, സ്തേഫാനോസ് മാർ തേവോദോസ്യോസ് എന്നിവരെ സുന്നഹദോസ് അനുമോദിച്ചു. അർമ്മീനിയയിലെ കരേക്കിയൻ കാതോലിക്ക ബാവാ, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത എന്നിവരുടെ ദേഹവിയോഗത്തിൽ യോഗം അനുശോചിച്ചു.

## പ്രത്യാശാ കൗൺസലിംഗ് ഫോറം

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ പാസ്റ്ററൽ കൗൺസലിംഗ് കോഴ്സിൽ പഠനം പൂർത്തിയാക്കിയവരുടെ സംഘടന രൂപീകരിച്ചു. റവ. ഫാ. ഒ. തോമസ് പ്രസിഡന്റും, പ്രൊഫ. പി.കെ. കുര്യൻ സെക്രട്ടറിയും ശ്രീ. മാത്യു റ്റി. തോമസ് ജോയിന്റ് സെക്രട്ടറിയും ആയും കൂടാതെ 8 പേർ അടങ്ങുന്ന എക്സികുറ്റിവ് കമ്മറ്റിയേയും തെരഞ്ഞെടുത്തു.

സഭയുടെ വിവിധ ഭാഗങ്ങളിൽ, കൗൺസലിങ് പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാക്കുന്നതിനും ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ പാരിഷ് മിഷൻ തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും പുതിയ ഫോറത്തിന്റെ രൂപീകരണം സഹായിക്കും.

## ഓർത്തഡോക്സ് യുവജന പ്രസ്ഥാനം: അഖില മലങ്കര വാർഷികം, ഹൈദരാബാദിൽ.

**ഹൈദരബാദ്:** മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥനത്തിന്റെ ഈ വർഷത്തെ അഖില മലങ്കര വാർഷിക സമ്മേളനം ഹൈദരാബാദിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഹൈദരാബാദ്; സെക്കൻട്രാബാദ്, രാമചന്ദ്രപുരം എന്നിവിടങ്ങളിലുള്ള മൂന്ന് ഓർത്തഡോക്സ് ഇടവകകൾ സംയുക്തമായി സമ്മേളനത്തിന് ആധിഥേയത്വം വഹിക്കും. മെയ് 10 മുതൽ 14 വരെ തീയതികളിലാണ് സമ്മേളനം നടക്കുന്നത്. സമ്മേളനത്തിന്റെ നടത്തിപ്പിനായി ഹൈദരാബാദു സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി. ഫാ. സി.എ. ഐസക്ക് ജനറൽ കൺവീനറായി 151 അംഗങ്ങൾ അടങ്ങുന്ന കമ്മറ്റിയെ തിരഞ്ഞെടുത്തു. വെരി:റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ, ഫാ. മാത്യു വറുഗീസ്, ഫാ. ജോൺസ് കുമ്പുക്കാട്ട്, ഫാ. ജോഷ്വാ ഏബ്രഹാം, ഫാ. ജി. തോമസ്, ശ്രീ. എ.റ്റി. മാത്യുസ് എന്നിവർ വൈസ് പ്രസിഡന്റ്മാരായി തിരഞ്ഞെടുക്കപ്പെട്ടു. എം.എം. ജോൺ (കൺവീനർ) പി. പി.കുര്യൻ (ട്രഷറാർ), ഇ. എം. മാത്തുക്കുട്ടി, മാത്യു സി. കരുവേലി, ചാക്കോ വറുഗീസ് (ജോയിന്റ് കൺവീനർമാർ) എന്നിവരെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുത്തു. കൂടാതെ വിവിധ കമ്മറ്റികളുടെ കൺവീനർമാരായി പി.വി. കുര്യൻ (ഫൈനാൻസ്); സി.എ. ചാക്കോ, (ഫുഡ്), പി.ജെ. തോമസ് (റിസപ്ഷൻ); മാത്യു ജോൺ (അക്കോമഡേഷൻ), കെ.സി. മാത്യു (ഡിസിപ്ളിൻ). ഫിലിപ്പ് ജോഷ്വാ (പബ്ളിസിറ്റി), എസ്. അലക്സ് (പ്രോഗ്രാം), ഏബ്രഹാം ജോർജ് (മെഡിക്കൽ അസിസ്റ്റൻഡ്), റെനിൽ ജോർജ് (ട്രാൻസ്പേട്ടേഷൻ), തോമസ് ജോൺ (സുവനീർ) എന്നിവരേയും തിരഞ്ഞെടുത്തു.

## പുസ്തക പ്രകാശനം

ഫാ. സി.സി. ചെറിയാൻ, കെ.എം. ആൻഡ്രൂസ് വാകത്താനം എന്നിവർ ചേർന്ന് രചിച്ച "യരുശലേമിലേക്ക് ഒരു സഫലയാത്ര" എന്ന പുസ്തകത്തിന്റെ പ്രകാശനം നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സഭാ സെക്രട്ടറി ഏ.കെ. തോമസിന് കോപ്പി നൽകി നിർവഹിച്ചു.

## വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എൻഡോവ്മെന്റ് ഫണ്ട്

ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു അപേക്ഷ ഫോറത്തിന് മേൽവിലാസം എഴുതി സ്റ്റാമ്പ് ഒട്ടിച്ച് കവർ സഹിതം **ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, പഴയസെമിനാരി, കോട്ടയം 686001** എന്ന വിലാസത്തിൽ എഴുതുക. പൂരിപ്പിച്ച അപേക്ഷ ഫോറം ഏപ്രിൽ 30–ന് മുമ്പ് കിട്ടിയിരിക്കണം.



മലങ്കരസഭ വാർത്തകൾ

## പൗരോഹിത്യ രജതജൂബിലി



ഏപ്രിൽ 9: കുന്നംകുളം ഭദ്രാസനാധിപൻ അഭി. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലിത്താ യുടെ പൗരോഹിത്യ രജത ജൂബിലി വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.

ഏപ്രിൽ 9 ഞായറാഴ്ച കുന്നം കുളം ടൗൺഹാളിൽ ശ്രേഷ്ഠ നിയുകത കാതോലിക്കായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കേരള സാംസ്ക്കാരിക വകപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മോസ്റ്റ് റവ. ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത (കൽദായ സഭ) മോസ്റ്റ് റവ. ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (മലബാർ സ്വതന്ത്ര സുറിയാനി സഭ), കുരിയാക്കോസ് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്ത (ബത്തേരി ഭദ്രാസനം), സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത (കൊച്ചി ഭദ്രാസനം), ശ്രീ. എൻ. ആർ. ബാലൻ എം. എൽ.എ. (കുന്നംകുളം), ശ്രീ. വി. ബലറാം എം.എൽ. എ. (വടക്കാഞ്ചേരി), ശ്രീ കെ.പി. വിശ്വനാഥൻ എം. എൽ.എ. (കൊടകര), ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് എം. എൽ.എ. (ഗുരുവായൂർ), കുന്നംകുളം മുനിസ്സിപ്പൽ ചെയർപേഴ്സൺ, ശ്രീ. പി. എ. വേലായുധൻ (പ്രസിഡണ്ട്; ആർത്താറ്റ് പഞ്ചായത്ത്). ശ്രീമതി. സുമ ജോബ് (പ്രസിഡണ്ട്, കാട്ടകാമ്പാൽ പഞ്ചായത്ത്). എന്നിവർ ആശംസകളർപ്പിച്ചു ജൂബിലി സമാപനത്തോടനുബന്ധിച്ച് പാറയിൽ സെന്റ് ജോർജ്ജ് പള്ളിയിൽ നിന്നും അഭിവന്ദ്യ തിരുമേനിയെ സ്വീകരിച്ച് വമ്പിച്ച ഘോഷയാത്രയായ് ടൗൺഹാളിലേക്കാനയിച്ചു.

കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്തയാണ് അഭി. പൗലോസ് മാർ മിലിത്തിയോസ് മലങ്കര സഭ മാസികയുടെ എഡിറ്റോറിയിൽ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുന്ന അഭി. തിരുമേനിക്ക് 'മലങ്കര സഭ'യുടെ ആശംസകൾ.

## ഉപ്പാണ്ടി മാപ്പ

റോണി ചെങ്ങന്നൂർ



# വി. കുർബ്ബാനക്രമം -പുതിയ പതിപ്പ്

ഫാ: റ്റി. ജെ. ജോഷ്വാ

സഭയുടെ ഔദ്യോഗികമായ പ്രസിദ്ധീകരണ വിഭാഗമാണ് എം.ഒ.സി. പബ്ലിക്കേഷൻസ്. പ്രശംസാർഹമായ സേവനം അവർ ചെയ്തുകൊണ്ടിരിക്കുന്നു. വി. കുർബ്ബാന ക്രമത്തിന്റെ മുപ്പത്തഞ്ചാം പതിപ്പായി 1999 അവസാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൃതി നമ്മുടെ സവിശേഷശ്രദ്ധയാകർഷിക്കുന്നു. ഉള്ളടക്കത്തിൽ വരുത്തിയിട്ടുള്ള ചില മാറ്റങ്ങൾ കാണുക.

1. നാലാം തുബ്ദേനിൽ വി. തോമ്മാ ശ്ലീഹായുടെ പേരു ചേർത്തിരിക്കുന്നു "ശ്ലീഹന്മാരിൽ തലവന്മാരായ ഉന്നതപ്പെട്ട മാർ പത്രോസിനെയും, മാർ പൗലോസിനെയും, നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെയും...... നാം ഓർക്കണം". മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വം ഇല്ലെന്ന് യാക്കോബ് ത്രിതീയൻ പാത്രിയർക്കീസു ബാവാ കല്പന ഇറക്കിയതാണെങ്കിലും പാത്രിയർക്കീസ് വിഭാഗം പല വർഷങ്ങൾക്കു മുമ്പ് തോമ്മാ ശ്ലീഹായെ തുബ്ദേനിൽ ചേർത്തിരുന്നു. നവീകരണ വിഭാഗക്കാരായ മാർത്തോമ്മാ സഭയും അവരുടെ ക്രമത്തിൽ തോമ്മാ ശ്ലീഹായെ അനുസ്മരിക്കുന്നുണ്ട്. എന്നാൽ "തോമ്മാ, ശ്ലീഹായുടെ സിംഹസനം" എന്ന് വീറോടെ അവകാശപ്പെടുന്ന ഓർത്തഡോക്സ് വിഭാഗം ഇതുവരെയും അപ്പോസ്തോലനോട് കൃതഘ്നത പുലർത്തുകയായിരുന്നു. ഏതായാലും പുതിയ പതിപ്പിൽ തോമ്മാ ശ്ലീഹായെ ചേർത്തിട്ടുള്ളത് ഏറ്റവും ഉചിതമായി.

2. പരുമല മാർ ഗ്രീഗോറിയോസിന്റെ നാമം: ഗീവർഗീസ് ദ്വിതിയൻ ബാവാ 1947 ഡിസംബറിൽ 38-ാം നമ്പർ കല്പനയിൽ പരുമല തിരുമേനിയുടെ പേര് തുബ്ദേനിൽ ചേർത്തു ചൊല്ലണമെന്ന് നിഷ്കർഷിച്ചിരുന്നു. അരനൂറ്റാണ്ടിനു ശേഷമെങ്കിലും ആ കല്പനയുടെ താല്പര്യം പ്രാവർത്തികമാക്കിയിരിക്കുന്നതിൽ സന്തോഷമുണ്ട്. പുതിയ പതിപ്പിൽ അഞ്ചാം തുബ്ദേനിൽ "തെരഞ്ഞടുക്കപ്പെട്ട മാർ അബഹായുമായ ഞങ്ങളുടെ പിതാക്കന്മരെയും, മലങ്കരയുടെ പരിശുദ്ധനായ മാർ ഗ്രീഗോറിയോസിനെയും...... ഞങ്ങൾ ഓർക്കുന്നു" എന്നുണ്ട്.

ഈ രണ്ടു മാറ്റങ്ങളും വരുത്തുവാൻ ഇപ്പോഴത്തെ കാതോലിക്കാബാവായുടെ നിർദ്ദേശമുണ്ടായി എന്നുള്ളത് അഭിനന്ദനീയമാണ്.

3. കുക്കിലിയോനു പകരമുള്ള ഗീതം: പതിമൂന്നാം നൂറ്റാണ്ടിനു ശേഷം മാത്രമാണ് കുക്കിലിയോൻ (നിന്നാൾ സ്തുതി യൊടുരാജമകൾ- തുടങ്ങിയവ) വി. കുർബാനയുടെ ഭാഗമായിത്തീർന്നിട്ടുള്ളത് ശീമയിൽ കുക്കിലിയോനു പകരം സൗകര്യാനുസരണം ചൊല്ലുന്ന മറ്റൊരു ഗീതമുണ്ട്. ആശയത്തിലും, രാഗത്തിലും, ഹൃദ്യമായ ഒന്നാണ്. ബേത്ലഹേമിലെ സുറിയാനിക്കാരുടെ പള്ളിയിലും, യറുശലേമിലും ഈ പാട്ടു സുറിയാനിയിൽ ചൊല്ലുന്നത് ഈ ലേഖകൻ കേട്ടിട്ടുണ്ട്.

എന്നാൽ മലയാളക്കരയിൽ അതു പ്രചാരത്തിൽ വന്നിരുന്നില്ല. അബ്ദുൽ ആഹാദു റമ്പാൻ (പിന്നീട് യാക്കോബു ദ്രിതീയൻ) മഞ്ഞിനക്കര ദയറായിൽ പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ഈ ഗീതം അന്നത്തെ വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നു. അവരിൽ ഒരുവനായ ഇന്നത്തെ കോരുത് മല്പാനച്ചൻ ആ പാട്ട് മലയാളത്തിലാക്കുവാൻ സഭാകവി ശ്രീ. സി.പി. ചാണ്ടിയുടെ സേവനം പ്രയോജനപ്പെടുത്തി, പത്തുവർഷത്തിലധികമായി ആ പാട്ട് സെമിനാരിയിൽ പലപ്പോഴും ഉപയോഗിക്കുന്നു.

"മശിഹാരാജോത്ഥാനത്താൽ" എന്നു തുടങ്ങുന്ന ആ ഗാനം ഈ പതിപ്പിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

4. വൈദികരുടെ ഓർമ്മയിലെ ഒരു പാട്ട്: വൈദികരുടെ ഒർമ്മ നടത്തുമ്പോൾ കുക്കിലിയോന്റെ അവസാനത്തിൽ ചൊല്ലുന്ന ഒരു പാട്ട് അത്യന്തം ഹൃദ്യമാണ് "നാഥാ സവിധേ ഉൾപ്രാകാരേ" എന്നതുടങ്ങുന്ന ആ പാട്ട് കുറെയൊക്കെ പ്രചാരത്തിൽ വന്നിട്ടുണ്ട് അതും ഈ പതിപ്പിലുണ്ട്.

5. "മുടികൾ മുഞ്ഞൊട്ടിത്തകിടും"- ഈ ഗീതം വൈദികരുടെ ഓർമ്മയ്ക്കുള്ള കുക്കിലിയോനിൽ വർഷങ്ങളായി നാം ചൊല്ലി വരുന്നു. എന്നാൽ എന്താണ് "മുടഞ്ഞൊട്ടിത്തകിടും" എന്നതിന്റെ അർത്ഥം. ദുരൂഹാമായിരുന്നു. അതു മാറ്റിയിട്ട് "മുടിക്കൾ മുടഞ്ഞവനിരനിരയായ് ബലിപീഠത്തിലിരിപ്പുണ്ട്" എന്നു മാറ്റം വരുത്തിയിട്ടുള്ളത് തികച്ചും സ്വാഗതാർഹമാണ്.

6. സുറിയാനി പാരമ്പര്യം നാം കാത്തു സൂക്ഷിക്കുന്നതിനാൽ ഒട്ടേറെ സുറിയാനി പദങ്ങൾ നമ്മുടെ ഉപയോഗത്തിലുണ്ട്, എന്നാൽ അവയിൽ മിക്കതിന്റെയും അർത്ഥം നമുക്കജ്ഞാതമാണ്. അതിനാൽ പ്രചാരത്തിലുള്ള എല്ലാ സുറിയാനി പദങ്ങളുടെയും അർത്ഥം അനുബന്ധമായി ചേർത്തിട്ടുള്ളത് അത്യന്തം പ്രയോജനപ്രദമാണ്. സണ്ടേസ്ക്കൂൾ അദ്ധ്യാപകർ ഇക്കാര്യം പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ അത് ലഭ്യമാക്കിയിട്ടുള്ളത് ഏവരും സ്വാഗതം ചെയ്യും.

**കുമ്പസാരസഹായി:**

വലിയ നോമ്പു കാലത്താണല്ലോ സഭാംഗങ്ങൾ ഏറിയ പങ്കും കുമ്പസാരം നടത്തുന്നത്. എന്നാൽ അതു ശരിയായി നിർവഹിക്കുവാൻ ഉതകുന്ന ഒരു ഉത്തമ ഗ്രന്ഥം സെമിനാരി പ്രിൻസിപ്പലായിരുന്ന ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ പ്രസിദ്ധികരിച്ചിരുന്നു. ഈ ലഘു കൃതിയുടെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ ലഭ്യമാണ്. ഓരോ പള്ളിയിലും അമ്പതോ ഇരുപത്തഞ്ചോ സൗകര്യം പോലെ കോപ്പികൾ വീതം വാങ്ങി സൂക്ഷിച്ചാൽ കുമ്പസാരത്തിന് എത്തുന്നവർക്ക് വളരെ പ്രയോജനപ്പെടും. ഏവരുടെയും ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.



# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻ കുരിശ്, കൊച്ചി 682308

## പ: പത്രോസ് എഴുതിയ ഒന്നാം ലേഖനം (അദ്ധ്യായം 3,4,5.)

### ചോദ്യം

1. ഭാര്യയുടെ അലങ്കാരം ബാഹ്യമല്ല. ആന്തരീയമാണ് എന്താണ് ആ വിശേഷത?
2. സ്ത്രീകളെ മൂന്നു കാരണങ്ങളാൽ ബഹുമാനിക്കുവാൻ പറഞ്ഞിരിക്കുന്നു. അവ എതെല്ലാം?
3. ദൈവ മക്കൾക്കുണ്ടായിരിക്കേണ്ട പഞ്ചശീലങ്ങൾ ഏതെല്ലാം?
4. ക്രിസ്തുവിന്റെ ഉയർച്ചയും അധികാരവും കാണിക്കുന്ന വാക്യം എഴുതുക?
5. 4:5 വാക്യമായ "ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവൻ" ഇതിനു തുല്ല്യമായ വാക്യം നമ്മുടെ വിശ്വാസ പ്രമാണത്തിൽ നിന്നും എഴുതുക?
6. ആദിമ സഭയുടെ നാലു ലക്ഷണങ്ങൾ 4: 7-11 വരെ കാണുന്നത് എഴുതുക.?
7. ദൈവേഷ്ട പ്രകാരം കഷ്ടം സഹിക്കുന്നവർ എന്ത് ചെയ്യണം?
8. 5: 4-1 വാക്യത്തിൽ...... " നിങ്ങൾ തേജസിന്റെ വാടാത്ത കിരീടം പ്രാപിക്കും" എന്നു പറയുന്നു. ഈ വാക്യം ആധാരമാക്കി പട്ടക്കാരുടെ കുക്കിലിയോനിൽ ഒരു പാട്ടുണ്ട്. അതെഴുതുക?
9. ദൈവം തക്ക സമയത്ത് യവനക്കാരെ ഉയർത്തുവാൻ അവർ എന്തു ചെയ്യണം?
10. പത്രോസിന്റെ സഹായികൾ ആരൊക്കെയാണ്?

## പത്രോസ് എഴുതിയ ഒന്നാം ലേഖനം (അദ്ധ്യായം 1,2)

### ഉത്തരങ്ങൾ

1. ക്രിസ്തീയ പ്രത്യാശ
2. മാമോദീസ
3. ശിഷ്യ പ്രമുഖനായ പത്രോസ്
4. (a). അയ്ക്കപ്പെട്ടവൻ, (b) ഗ്രീക്ക്, (c). ശ്ലീഹാ
5. പിതാവായ ദൈവത്തിന്റെ മുന്നറിപ്പ്, ക്രിസ്തുവിന്റെ
(d) പരീക്ഷിക്കപ്പെടുന്നവരെങ്കിലും ആനന്ദം കൊള്ളുന്നവർ.
(e) പ്രവാചകന്മാർ അന്വേഷിച്ചതാണീ രക്ഷ.
(f) മാലാഖമാർ ദർശിക്കുവാൻ വാഞ്ചിച്ചതാണീ രക്ഷ
7. ലേവ്യ. (11: 45, 19: 2, 20: 7 )
8. എന്നേക്കും നിലനില്ക്കും (1: 25)
9. (a) ദുഷ്ടത, വഞ്ചന, കാപട്യം, ആസൂയ, പരദൂഷണം എന്നിവയാകുന്ന പഴയ മനുഷ്യനെ ഉരിഞ്ഞുകളയണം.
(b) ദൈവ വചനമെന്ന കലർപ്പറ്റ പാൽ കുടിച്ചു വളരണം
(c) ക്രിസ്തുവിലുള്ള ആസ്വാദനം
10. തിരഞ്ഞെടുക്കപ്പെട്ട ജാതി, രാജകീയ പുരോഹിത വർഗ്ഗം, വിശുദ്ധ വംശം, സ്വന്തജനം. (2:9)
11. നന്മ ചെയ്തിട്ടു കഷ്ടം അനുഭവിച്ചാൽ അത് ദൈവത്തിന് പ്രസാദം (2:20)
12. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ടു ക്രൂശിന്മേൽ കയറി (2:24)

⌘

**സോഫിയാ ബുക്സ് പ്രസിദ്ധീകരണങ്ങൾ**

**പകുതിവിലയ്ക്ക് !**

1. ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ
ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, പേജ് 104, Rs. 40.00
2. വി. മക്രീന (ജീവചരിത്രം)
ഫാ. ഡോ. ബി. വർഗീസ്, പേജ് 52, Rs. 15.00
3. ആദിമസഭാ ജ്യോതിസ്സുകൾ (ലഘുജീവചരിത്രങ്ങൾ)
എഡി. ജോയ്സ് തോട്ടയ്ക്കാട്, പേജ് 80, Rs. 20.00
4. കാരുണ്യത്തിന്റെ മാലാഖ (മദർ തെരേസയുടെ ജീവിതവും ദർശനവും)
ഡീക്കൻ ഷൈജു കുര്യൻ, പേജ് 88, Rs. 35.00
5. സന്യാസിശ്രേഷ്ഠനായ മാർ അന്തോണിയോസ് (ജീവചരിത്രം)
ജോസഫ് മാർ പക്കോമിയോസ്, പേജ് 104, Rs. 40
6. മാർ ശെമവൂൻ ദെസ്തുനി (ജീവചരിത്രം)
ഡീക്കൻ ഷൈജു കുര്യൻ, പേജ് 56, Rs. 30.00
7. പുതിയനിയമത്തിന്റെ ആത്മാവ് (പഠനം)
ഫാ. ജോർജ്ജ് മാത്യു കുറ്റിക്കണ്ടത്തിൽ, പേജ് 112, Rs. 35.00
8. കുടുംബജീവിതത്തിൽ യൗവന മനഃശാസ്ത്രം (പഠനം)
ഫാ. ജോൺ ഡാനിയേൽ പെരിങ്ങനാട്, പേജ് 88, Rs. 35.00
9. ജ്ഞാനത്തിന്റെ ഗ്രിഗോറിയൻ പർവ്വം (പഠനം)
എഡി. ഫാ. റ്റി. പി. എലിയാസ്, പേജ് 100, Rs. 50.00
10. ഉദാത്തമായ സ്ത്രീത്വം (വേദപുസ്തക സ്ത്രീരത്നങ്ങൾ)
റീന ക്രിസ്റ്റുബിൾ, മറിയാമ്മ ജോൺ, മേഴ്സി ജോൺ, അശ്വതി ജോൺ, പേജ് 150, Rs. 60.00
11. ഒരു സുവിശേഷകന്റെ ദുഃഖം (വേദപുസ്തക പഠനങ്ങൾ)
ഫാ. ബി. വർഗീസ്, പേജ് 72, Rs. 30.00

M.O./D.D./Cheque: **SOPHIA BOOKS, Vadakkenada, KOTTAYAM-686001 Ph. 303237 Email: Sophiabooks@rediffmail.com**

# ഇന്ത്യ-അമേരിക്ക ബന്ധത്തിൽ പുതിയ സൗഹൃദത്തിന്റെ വസന്തം

ഡീക്കൻ. വി.ഐ. വിൽസൺ കുരമ്പാല

അമേരിക്കൻ പ്രസിഡന്റ് ബിൽക്ലിന്റന്റെ വരവോടെ ഇന്ത്യയും, അമേരിക്കയും തമ്മിലുള്ള ബന്ധത്തിൽ ഒരു പുതിയ സൗഹൃദത്തിന്റെ വസന്തം വിടർന്നു കഴിഞ്ഞു. നീണ്ട ഇരുപത്തിരണ്ടു വർഷങ്ങൾക്കു ശേഷം ഇന്ത്യ സന്ദർശിക്കുന്ന നാലാമത്തെ അമേരിക്കൻ പ്രസിഡന്റാണ് ബിൽക്ലിന്റൺ. ഒരു ആഗോളശക്തിയായി ഇന്ത്യ വളർന്ന ഈ കാലഘട്ടത്തിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്.

ഇന്ത്യയിൽ ഏറ്റവും അധികം മുതൽമുടക്കുള്ള വിദേശരാജ്യം അമേരിക്കയാണ്. വ്യാപാരരംഗത്തു ദീർഘകാലമായി ഇന്ത്യയുടെ ഏറ്റവും വലിയ പങ്കാളിയാണ് അമേരിക്ക. എന്നിട്ടും ഇരു രാജ്യങ്ങൾക്കുമിടയിൽ ഭയാശങ്കകളും സംശയങ്ങളും നിലനിൽക്കുകയായിരുന്നു. ശീതയുദ്ധകാലഘട്ടത്തിനുശേഷം ഇന്ത്യയുടെയും അമേരിക്കയുടെയും വീക്ഷണത്തിൽ മാറ്റമുണ്ടായെങ്കിലും അത് ഇന്ത്യ-അമേരിക്ക ബന്ധത്തിൽ പ്രതിഫലിച്ചിരുന്നില്ല. ക്ലിന്റന്റെ സന്ദർശനം മൂലം അതിൽ വ്യക്തമായ മാറ്റമുണ്ടായി. ക്ലിന്റനും, വാജ്പേയിയും ഒപ്പുവച്ച "വീക്ഷണരേഖ" ഇരു രാജ്യങ്ങൾക്കും പ്രതീക്ഷനൽകുന്നു. ഒട്ടേറെ പുതിയ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നവയാണ് ഇത്.

ഇന്ത്യാ-പാക്ക് ബന്ധം അപകടകരമായ പതനത്തിലെത്തി നിൽക്കുമ്പോഴുള്ള ക്ലിന്റന്റെ സന്ദർശനത്തിനു വളരെ പ്രധാന്യമുണ്ട്. കാശ്മീരിൽ നാൽപ്പതോളം സിക്കുകാരെ തീവ്രവാദികൾ കൂട്ടക്കൊല ചെയ്തത് ക്ലിന്റൻ ഡൽഹിയിലുള്ളപ്പോഴാണ്. ഇത് പാക്കിസ്ഥാന്റെ ഭീഷണികളെയും, അക്രമങ്ങളെയും പറ്റി ക്ലിന്റനു ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ ഇന്ത്യയ്ക്ക് ഒരു അവസരമായി. അതിർത്തികടന്നുള്ള ഭീകര പ്രവർത്തനവും അതുമൂലം ഇന്ത്യ അനുഭവിക്കുന്ന പ്രയാസങ്ങളും ക്ലിന്റൻ മനസ്സിലാക്കി. പത്ര സമ്മേളനത്തിലും, പിന്നീട് പാർലമെന്റിലും ഭീകര പ്രവർത്തനത്തെപ്പറ്റി രൂക്ഷമായി കുറ്റപ്പെടുത്തിയത് ഇതിനു തെളിവാണ്. ചോരകൊണ്ട് അതിർത്തിമാറ്റിവരയ്ക്കുന്നതു നിർത്തുകയും, നിയന്ത്രണരേഖ മാനിക്കുകയും, ഭീകര പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്യുവാൻ ക്ലിന്റൻ പാക്കിസ്ഥാനോട് ആവശ്യപ്പെട്ടത് ഇന്ത്യയ്ക്കു വളരെ അനുകൂലമായ നിലപാടാണ്. കാശ്മീർ പ്രശ്നത്തിൽ മദ്ധ്യസ്ഥത വഹിക്കുവാൻ ഞങ്ങൾക്കാവില്ലെന്നും സംഭഷണങ്ങളിലൂടെ ഇരുരാജ്യങ്ങൾക്കും മാത്രമേ അതിനു പരിഹാരം കാണുവാൻ കഴിയൂ എന്നുമുള്ള അമേരിക്കയുടെ, പാക്കിസ്ഥാനോടുള്ള ഉപദേശം ഇന്ത്യൻ നയതന്ത്രജ്ഞതയുടെ വിജയമാണ്.

ഇന്ത്യയിൽ അഞ്ചു ദിവസവും, പാക്കിസ്ഥാനിൽ ഏതാനും മണിക്കൂറുകൾ മാത്രവും ക്ലിന്റൻ ചെലവഴിച്ചതു, ദക്ഷിണേഷ്യയിൽ ഇന്ത്യയോടാണ് അമേരിക്കയ്ക്കു താല്പര്യം കൂടുതലെന്നു വെളിപ്പെടുത്തുന്നതായി ഇംഗ്ലീഷ് ദിനപ്പത്രമായ "ഡോൺ" മുഖ പ്രസംഗത്തിൽ പറയുന്നു. പാക്കിസ്ഥാനിൽ ചെലവഴിച്ച സമയത്തു ക്ലിന്റൻ എന്തെങ്കിലും കരാറിൽ ഒപ്പു വച്ചില്ല; ഉപരോധങ്ങളൊന്നും നീക്കിയില്ല; നിക്ഷേപം വാഗ്ദാനം ചെയ്തില്ല, എന്നാൽ ഇന്ത്യയിൽ ക്ലിന്റൻ ഒപ്പുവച്ചതു മൊത്തം 8400 കോടി രൂപ വരുന്ന കരാറുകളാണ്. ആണവ നിരായുധീകരണം, ഭീകര പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ ക്ലിന്റനും, പ്രധാനമന്ത്രി വാജ്പേയിയും ക്രിയാത്മക ചർച്ചകളാണു നടത്തിയത്. അവശേഷിക്കുന്ന ഉപരോധങ്ങൾ നീക്കുന്ന കാര്യത്തിൽ ഇന്ത്യയ്ക്കു ഹിതകരമായ സൂചനകളാണു ക്ലിന്റൻ നൽകിയത്. 'ഒരുകൂന്ന് അഭിനന്ദനങ്ങളും' നൽകിയതായി 'ഡോൺ' എടുത്തുകാട്ടുന്നു. ഇത് ക്ലിന്റന്റെ ദക്ഷിണേഷ്യാ പര്യടനത്തിൽ ഇന്ത്യയോടുള്ള കൂടുതൽ അടുപ്പവും, പാക്കിസ്ഥാനോടുള്ള ബന്ധത്തിലെ അകൽച്ചയും തുറന്നു കാട്ടുന്നു.

❁

**24-ാം ചരമ വാർഷികം**

**14-4-2000)**



റവ.ഫാ. ടി.സി. ജേക്കബ്ബ്
(മനേജരച്ചൻ)

കോട്ടയം: പഴയസെമിനാരി, കാതോലിക്കേറ്റ് അരമന, എന്നിവയുടെ മാനേജരായും, മലങ്കര സഭ മാസികയുടെ ചീഫ് എഡുറ്ററായും ദീർഘകാലം സേവനമനുഷ്ഠിച്ച് ബഹു. അച്ചന്റെ 24-ാം ചരമവാർഷികം അന്നേദിവസം ചീരംചിറ സെന്റ് മേരീസ് പള്ളിയിൽ ആചരിക്കുന്നു.



# കറുത്ത ലോകത്തിലെ പ്രകാശ ചിന്തകൾ

ഡോ. ഫാ. ഒ. തോമസ്

*രണ്ടാം ഭാഗം*

**ദക്ഷിണാഫ്രക്കയിലെ പ്രിട്ടോറിയായ്ക്കടുത്തുള്ള ഹാമൻ സ്ക്കൂളിൽ 2000 ജനുവരി 21 മുതൽ 28 വരെ നടന്ന പത്താമത് നാഷണൽ അസ്സോസിയേഷൻ ഫോർമിഷൻ സ്റ്റഡീസ് സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധികരിച്ച് സംബന്ധിച്ച് വൈദീക സെമിനാരി പ്രൊഫ. ഡോ. ഫാ. ഓ. തോമസിന്റെ റിപ്പോർട്ട് തുടരുന്നു.**

## മുറിവേറ്റ തമിഴ് ജനത

കത്തോലിക്കാ സഭയിലെ വൈദികനായ ഡോ. ചന്ദ്രകാന്തൻ തമിഴ് സിംഹളയുദ്ധത്തിന്റെ ഒരു ഇരകൂടിയാണ് അദ്ദേഹത്തിന്റെ കുടുംബം ഇംഗ്ലണ്ടിൽ...അഭയം തേടിയിരിക്കുന്നു ഇദ്ദേഹവും ഇപ്പോൾ കാനഡായിലെ ടൊറൊന്റെ സ്ക്കൂൾ ഓഫ് തിയോളജിയിൽ പഠിപ്പിക്കുകയാണ്.

ചരിത്ര പശ്ചാത്തലത്തിൽ ക്രൂശ് മ്ലേച്ഛമായതും നിന്ദ്യമായ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ളതുമായിരുന്നു. ക്രൂശുമരണം 2000 യഹുദന്മാർക്കു വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒന്നാം നുറ്റാണ്ടിലെ ആദ്യത്തെ ക്രൂശുമരണം യേശുക്രിസ്തുവിന്റെ ആയിരുന്നുവത്രേ. ദൈവ വചനത്തിലും കൂദാശകളിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടെങ്കിലും അതിലധികമായി ക്രിസ്തു സാന്നിദ്ധ്യം, ക്രൂശ് യാഥാർത്ഥ്യമാകുന്നിടത്ത് ദർശിക്കുന്നു. രക്ഷയടിസ്ഥാനമായി യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട കുരിശിനെയാണ് പൗലൂസ് ശ്ലീഹാ എപ്പോഴും എടുത്തുകാട്ടിയതെന്ന് ചന്ദ്രകാന്തൻ അഭിപ്രായപ്പെട്ടു.

ഏഷ്യൻ യാഥാർത്ഥ്യങ്ങളിൽ ഏറ്റം മുറിവേൽക്കപ്പെട്ടിരിക്കുന്നത് തമിഴ് ജനതയാണെന്ന് ചൂണ്ടിക്കാട്ടി. ഏകദേശം 60000 പേർ ഇതിനകം കൊല്ലപ്പെട്ടുവത്രേ. അവിടെ ക്രൂശിനെ ദർശിക്കുവാൻ മിക്കവാറും സഭകളെല്ലാം തന്നെ പരാജയപ്പെട്ടു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്ക്കൂളിൽ ബോംബു വർഷിച്ചതിന്റെ ഫലമായി കൊല്ലപ്പെട്ട 40 പിഞ്ചുകുഞ്ഞുങ്ങളുടെ മൃതശരീരം അടക്കം ചെയ്യാനിടയായ സന്ദർഭവും അദ്ദേഹം വിവരിച്ചു. നിരപരാധിയായ ഈ പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെട്ടിടത്ത് ക്രിസ്തു കുരിശിക്കപ്പെട്ടില്ലേ എന്ന് എടുത്തു ചോദിച്ചത് അർത്ഥഗർഭമായി മാദ്ധ്യമങ്ങളൊന്നും തമിഴരുടെ വേദനകൾ കാര്യമായി ലോകത്തെ അറിയിക്കുന്നില്ലത്രേ. ഏഷ്യൻ യാഥാർത്ഥ്യങ്ങളിൽ ക്രിസ്തുവിന്റെ ക്രൂശ് തമിഴരുടെ വേദനകളിൽ കണ്ടെത്തി ആരംഭിക്കണമെന്നാണ് സഭകളുടെ ദൗത്യമായി അദ്ദേഹത്തിന് ഉദ്ബോധിപ്പിക്കാനുണ്ടായിരുന്നത്

## അന്യവൽക്കരിക്കപ്പെട്ട ലാറ്റിൻ അമേരിക്കൻ ജനത

മുറിവേൽക്കപ്പെട്ട ലാറ്റിനമേരിക്കൻ ജനതകളുടെ നിലവിളിയാണ് പ്രൊഫ. പോളോ സുസ്സോയുടെ ചിന്തകളിൽ മുഴങ്ങി കേട്ടത്. യൂറോപ്യൻ മിഷനറിമരുടെ 'മിഷൻ'മൂലം ലാറ്റിനമേരിക്കയുടെ ചരിത്രം കേവലം 5 വർഷമായി ചുരുങ്ങിയത്രേ. ക്രിസ്തുവിനും 4000 വർഷം മുമ്പ് അതിനു പുറകിലും വികസിതമായിരുന്ന ഒരു ലാറ്റിനമേരിക്കൻ സംസ്കാരമുണ്ടായിരുന്നതായി ആധികാരികമായി തെളിവുകൾ ലഭിച്ചിട്ടുണ്ട്. പക്ഷേ, അവയെല്ലാം മിഷന്റെ പേരിൽ 'പേഗൻ' എന്ന നിലയിൽ തള്ളപ്പെട്ടു. സ്വന്തം നാട്ടിൽ അന്യവൽക്കരിക്കപ്പെട്ടവരായി ലാറ്റിനമേരിക്കൻ ജനത മാറി. അതിന്റെ പിന്നാലെ 'തുറന്ന കമ്പോളവും' കൂടിയായപ്പോൾ ലാറ്റിനമേരിക്കയുടെ മുറിപ്പാടുകളുടെ വിങ്ങൽ പിന്നെയും വർദ്ധിച്ചു. ആഗോളഗ്രാമവൽക്കരണത്തിൽ ലാഭം എന്നല്ലാതെ സ്നേഹം, തുറന്ന മനസ്സ്, സഹാനുഭൂതി, കരുണ ഇവയ്ക്കു സ്ഥാനം ഇല്ല. യൂറോപ്യൻ മിഷൻ കോളനി വാഴ്ചക്കാരായ യജമാനന്മാരെ അനുസരിക്കാൻ പഠിപ്പിച്ചതു മൂലം, അനുസരിക്കാനല്ലാതെ ഒന്നിനെയും ചെറുത്തുനില്കാനുള്ള കഴിവും അവർക്കു നഷ്ടപ്പെടുപോയി.

നിലവിലുള്ള ക്രമത്തെ അനുസരിക്കാതിരിക്കുന്ന ഒരു ദൗത്യം യേശുക്രിസ്തുവിന്റെ നസ്രേത്തു മനിഫേസ്റ്റോയിലുണ്ടെന്ന് പോളോ സൂസ് ചൂണ്ടിക്കാട്ടി. കർത്താവ് പ്രഖ്യാപിച്ച ജൂബിലി വർഷം ഗൗരവമായെടുക്കുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ അനുസരിച്ചുകൊണ്ട് ലോകത്തോട് മറുതലിക്കുന്ന ഒരു ദൗത്യം സഭകൾ ഏറ്റെടുക്കണമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

## ആഫ്രിക്കയുടെ മുറിപ്പാടുകൾ

നേറ്റാൾ യൂണിവേഴ്സിറ്റി മിസ്സിയോളജി പ്രൊഫസറായ സാം മിലേലോക്കിയാണ് ആഫ്രിക്കൻ പശ്ചാത്തലത്തിൽ വിഷയം അവതരിപ്പിച്ചത്. ആഫ്രിക്കയുടെ മുറിപ്പാടുകൾ ഒന്നൊന്നായി അദ്ദേഹം വിവരിച്ചു. കൂട്ടത്തിൽ, മാരകരോഗമായ എയിഡ്സിന്റെ വ്യാപനവും എടുത്തു പറയുകയുണ്ടായി. മുറിപ്പാടുകളുടെ ഇടയിലും ക്രിസ്തുവിനെ രണ്ടു വിധത്തിൽ കാണാൻ അവർ ആഗ്രഹിക്കുന്നു ഒന്ന്, തങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്ന ക്രിസ്തു മറ്റൊന്ന്, അവനെപ്പോലെ മറ്റൊരാൾ ഇല്ലാത്തതിനാൽ അനുതാപത്തോടെ ക്രിസ്തുവിൽ നിന്നു വേറിട്ടു നില്ക്കാനുള്ള ആഗ്രഹവും. താദാത്മ്യവും; അതേസമയം വേർപെട്ടു നില്ക്കുന്നതും ദൗത്യത്തിന്റെ ഭാഗമായി അദ്ദേഹം ചിത്രീകരിച്ചു.

അപാർത്തീഡിന്റെ നാളുകൾ കഴിഞ്ഞെങ്കിലും അതുണ്ടാക്കിയ മുറിവുകൾ ഉണങ്ങിയിട്ടില്ല. പീഢനങ്ങൾക്കു വിധേയമായത് കറുത്തവരാണെങ്കിലും ക്രൂശിക്കപ്പെട്ട ക്രിസ്തു പീഢിപ്പിച്ചവരുടേതും കൂടിയാണല്ലോ. അതിനാൽ ക്ഷമിക്കാൻ കഴിയുന്നതിലൂടെ

# മനുഷ്യന്റെ ദുഷ്ടതയിലും മൂല്യ ശോഷണത്തിലും മനമുരുകുന്ന ദൈവം

ഫാദർ. ഏ.എം. വർഗീസ്, പന്തളം

അത്ഭുതപ്പെടുത്തുന്നതും അമ്പരപ്പിയ്ക്കുന്നതുമായ അതിനൂതന കണ്ടുപിടിത്തങ്ങളുടെയും പരിഷ്ക്കാരങ്ങളുടെയും പെരുമ്പറക്കൊട്ടുകൾക്കിടയിൽ കേൾക്കപ്പെടാതെ പോകുന്ന ഒരു മുറവിളിയെപ്പറ്റി ചിന്തിയ്ക്കുന്നവർ എത്രപേരുണ്ട്. ആ മുറവിളിയുടെ ശബ്ദം ദൈവത്തിന്റെ ശബ്ദമാണ്. അത് ഇപ്രകാരമാണ്, ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരുപണ മൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രയെന്നും യഹോവകണ്ടു; താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു: അത് അവന്റെ ഹൃദയത്തിനു ദുഃഖമായി (ഉൽപ: 6: 5–6) വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ഈ ദൈവ ദുഃഖം പണ്ട് പണ്ട് നീതിമാനായ നോഹിന്റെ കാലത്തായിരുന്നു. അന്ന് ഭൂമിയിൽ മാനുഷിക മൂല്യങ്ങൾ മുരടിയ്ക്കുകയും മനുഷ്യന്റെ ദുഷ്ടത അങ്ങേയറ്റം വർദ്ധിക്കുകയും ചെയ്തുവെങ്കിൽ, അതിൽ *നിന്നും അധികം ഭിന്നമല്ലാത്ത ഒരു ലോകമാണ് ആധുനികതയുടെ ആവരണവുമായി നമ്മുടെ മുൻപിലുളളത്. മനുഷ്യനെ സൃഷ്ടിച്ചു പോയല്ലോയെന്നോർത്ത് അനുതപിക്കയും ദുഃഖിയ്ക്കയും ചെയ്യുന്ന ദൈവത്തിന്റെ ദുഃഖശ്ശബ്ദമാണ് ഇക്കാലങ്ങളിൽ ഒട്ടും തന്നെ കേൾക്കപ്പെടാതെ പോകുന്നത്.

ദൈവാഭിമുഖനാകേണ്ട മനുഷ്യൻ ദൈവത്തിൽ നിന്നും പിൻതിരിഞ്ഞ് ദൈവശബ്ദം ശ്രവിയ്ക്കുവാൻ കൂട്ടാക്കാതെ ഓടിയകലുന്ന അവസ്ഥയുടെ അപ്കട വശങ്ങൾ പുരോഗതിയുടെ പൂരപ്പാട്ടുകളിൽ, ആരും തന്നെ കാണാതെയും കേൾക്കാതെയും കടന്നു പോകുന്നു, മാനുഷിക മൂല്യങ്ങളുടെ തകർച്ചയെന്നു പറയുന്നതു തന്നെ ഈ ദൈവശബ്ദം ശ്രവിയ്ക്കാതെ പോകുന്ന ദുരവസ്ഥയും ദുരന്തവുമാണ്.

ദൈവകോപത്തിന്റെ വടിയും അടിയും മനുഷ്യന്റെ മേൽ നിപതിയ്ക്കുവാൻ തക്കവണ്ണമുള്ള അധഃപതനമാണ് ഇന്ന് ലോകത്തെ ഗ്രസിച്ചിരിയ്ക്കുന്നത്. "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിയ്ക്കും അനീതിയ്ക്കും നേരേ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു" എന്നു തുടങ്ങുന്ന വേദഭാഗം ഇന്ന് അന്വർത്ഥമാകുകയാണ്. (റോമർ 1: 18) വിവേകമെന്ന വിളക്ക് ഊതി ക്കെടുത്തികൊണ്ടുള്ള മൃഗീയമായ നെട്ടോട്ടമാണ് നെടുനീളെ കാണുന്നത്.

> **അന്ന് ഭൂമിയിൽ മാനുഷിക മൂല്യങ്ങൾ മുരടിയ്ക്കുകയും മനുഷ്യന്റെ ദുഷ്ടത അങ്ങേയറ്റം വർദ്ധിക്കുകയും ചെയ്തു വെങ്കിൽ, അതിൽ നിന്നും അധികം ഭിന്നമല്ലാത്ത ഒരു ലോകമാണ് ആധുനികതയുടെ ആവരണവുമായി നമ്മുടെ മുൻപിലുളളത്. മനുഷ്യനെ സൃഷ്ടിച്ചു പോയല്ലോയെന്നോർത്ത് അനുതപിക്കയും ദുഃഖിയ്ക്കയും ചെയ്യു ന്ന ദൈവത്തിന്റെ ദുഃഖശ്ശബ്ദമാണ് ഇക്കാലങ്ങളിൽ ഒട്ടും തന്നെ കേൾക്കപ്പെടാതെ പോകുന്നത്.**

ആധുനിക തലമുറയുടെ ആത്മീയമായ അധഃപതനത്തെപ്പറ്റിയുള്ള വിലാപം വീണ്ടും വേദപുസ്തകം സാക്ഷിയ്ക്കുന്നതു കേൾക്കാം. "നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല; ഗ്രഹിയ്ക്കുന്നവൻ ഇല്ല; എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; ദൈവത്തെ അന്വേഷിയ്ക്കുന്നവനും ഇല്ല; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല; അവരുടെ തൊണ്ട തുറന്ന ശവകുഴി; നാവു കൊണ്ട് അവർ ചതിയ്ക്കുന്നു; സർപ്പ വിഷം അവരുടെ അധരങ്ങൾക്കുകീഴേയുണ്ട്; അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിയ്ക്കുന്നു; അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു; നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്, സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല; അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല. (റോമർ 3; 10–18)

ദൈവത്തിന്റെ സന്തതികൾ സഞ്ചരിയ്ക്കുന്ന മാർഗ്ഗങ്ങൾ കണ്ട് കരയുന്ന ദൈവത്തിന്റെ ശബ്ദം സങ്കട സമ്പൂർണ്ണമാണ്. സ്വസാദൃശ്യത്തിൽ സൃഷ്ടിയ്ക്കപ്പെട്ട ദൈവമക്കൾ പിശാചിന്റെ മക്കളായി പരിണമിയ്ക്കുന്ന പരിതാപകരമായ അവസ്ഥാ വിശേഷങ്ങളിൽ ദൈവം അനുതപിയുന്നു "കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു; യിസ്രായേലോ എന്നെ അറിയുന്നില്ല; എന്റെ ജനം ഗ്രഹിയ്ക്കുന്നതുമില്ല" എന്നിത്യാദി ദൈവ വിലാപത്തിനു ചെവികോടുക്കുന്ന ജനം ഇല്ലാതെ പോകുന്നു (യെശയ്യാ: 1; 1–7)

മൂല്യത്തകർച്ച എല്ലാ രാജ്യങ്ങളുടെയും മൂലകളിലും കോണുകളിലും മുളച്ചു വളരുന്നെങ്കിലും പാശ്ചാത്യ രാജ്യങ്ങളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ അതിന്റെ അലയടികൾ അധികമാണ്. തിന്മകളുടെ തീരങ്ങളിലും ഓരങ്ങളിലും സുഖം കണ്ടെത്തുന്ന മനുഷ്യർ എക്കാലത്തും എവിടെയും ഉണ്ടായിട്ടുണ്ടെങ്കിലും ഏകദേശം അര നൂറ്റാണ്ടു മുതൽ അമേരിക്കയിൽ ആഞ്ഞടിച്ച ദൈവനിഷേധ പ്രസ്ഥാനം ലോക ശ്രദ്ധയാകർഷിച്ചിരുന്നു. "ദൈവം ചത്തുപോയി" എന്നു



പ്രഖ്യാപിച്ച പുതിയ തലമുറയും തുടർന്ന് ഹിപ്പി പ്രസ്ഥനത്തിന്റെ വളർച്ചയും സ്വാധീനവും അമേരിക്കയിലെ ആത്മീയ മണ്ഡലങ്ങളിൽ പ്രത്യക്ഷമായി, ലക്ഷ്യബോധമില്ലാത്തവരും ജീവിതത്തിന്റെ അർത്ഥവും ആഴവും മൂല്യവും മനസിലാക്കാത്തവരുമായ യുവതലമുറക്കാർ തലമറന്ന് മൂല്യശോഷണത്തിന്റെ മൂലക്കല്ലുകളായിത്തീർന്നു. ഇക്കൂട്ടർ സ്വവർഗരതിയുടെ രസം ആസ്വദിയ്ക്കുന്നതിൽ ആനന്ദം കണ്ടെത്തി. സ്വവർഗ്ഗരതിയെ പ്രോത്സാഹിപ്പിയ്ക്കുന്ന പ്രദർശനങ്ങളും പ്രവർത്തനങ്ങളും പ്രചരിച്ചു.

## ഇപ്പോഴിതാ സ്വവർഗ്ഗ വിവാഹ വാദികൾ

പുരുഷന് ഇണയായും തുണയായും ദൈവം സ്ത്രീയേ സൃഷ്ടിച്ചുവെന്നുള്ള സനാതന സത്യത്തിന്റെ സ്വാധീനം നശിച്ച ഒരു വിഭാഗം സ്വവർഗ്ഗ വിവാഹ വാദികളായി അരങ്ങിൽ വരുന്നു. അതായത് ആൺ ഭർത്താവും ആൺ ഭാര്യയും ദൈവത്തിന്റെ ആഴമായ ആലോചനകൾ ഗ്രഹിയ്ക്കുവാൻ കൂട്ടാക്കാത്ത കൂട്ടത്തിന്റെ കൂട്ടുകെട്ടും നീക്കവും കണ്ട് ദൈവം ദുഃഖിച്ചു. നരനു തുണയായിട്ടും, കൂടാതെ തൂണായിട്ടും ഒരുനാരി കൂടി വേണമെന്നു നിരുപിയ്ക്കുകയും നിശ്ചയിക്കയും ചെയ്ത ദൈവത്തിന്റെ പ്ലാൻ പൊളിയാണെന്ന് പറഞ്ഞ് പൊളിയ്ക്കുവാൻ സ്വവർഗ്ഗ വിവാഹ പ്രേമികൾ പ്രവർത്തനരംഗത്തേക്ക് ഇറങ്ങിയതോടെ അനുകൂലികളും പ്രതികൂലികളും കോലാഹലങ്ങലുടെ കാഹളങ്ങളുമായി അണി നിരന്നു.

## വിവാഹ സ്ഥാപനം

ആണും പെണ്ണും തമ്മിലുള്ള അനുരാഗ വൈകാരിക ബന്ധത്തെ അതിപാവനമായ ഒരു പദവിയിലേക്ക് ഉയർത്തുന്ന കർമ്മത്തിന്റെയും ധർമ്മത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് ദൈവം ഏദൻ തോട്ടത്തിലേക്ക് ആണിനെയും പെണ്ണിനെയും കടത്തി വിടുന്നു. അങ്ങനെ വിവാഹം എന്ന വ്യവസ്ഥ ദൈവത്താൽ സംസ്ഥാപിതമാക്കപ്പെടുകയും സ്ഥിരീകരിയ്ക്കപ്പെടുകയും ചെയ്തു. സകല ബുദ്ധിയേയും കവിയുന്ന സർവ ശക്തന്റെ പദ്ധതിയുടെ പിൻപിലെ പവിത്രത സ്വവർഗ്ഗ വിവാഹ വാദികൾ ഗ്രഹിച്ചില്ല. "ഇങ്ങനെ ദൈവം തന്റെ സ്വരുപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." (ഉൽപ്പ: 1; 27–28)

ദൈവം വിവാഹ വേദിയിലേക്കു കടത്തി വിട്ടത് ആണിനെയും പെണ്ണിനെയുമാണ്. ആണിനെയും ആണിനെയും അല്ല. ഇതിന്റെ അംഗീകരണമെന്നോണം യേശു തമ്പുരാൻ സംസാരിച്ചത് സുവിശേഷത്തിൽ കാണാം. (വി. മത്താ. 19:3–12)

ഒരു നിയമനിർമ്മാണം അത്യന്താപേക്ഷിതമെന്ന നിലയിലേക്ക് വിഷയം നീങ്ങി. സ്വവർഗ്ഗ വിവാഹത്തെ അനുകൂലിയ്ക്കുന്നവർ ഇങ്ങനെ ആക്രോശിച്ചു. സുഖങ്ങൾ ആസ്വദിയ്ക്കുവാനുള്ള സരണികളിൽ തടയിടരുത്. വികാരം വഴികാട്ടുന്നിടത്തേക്ക് ഇഷ്ടാനുസരണം ആളുകളെ വിടുക. ആണിനെ കെട്ടണമെന്നുള്ളവൻ ആണിനെ കെട്ടട്ടെ. അപ്പോൾ അതാ മറുഭാഗത്ത് മഹാഗർജനം.

പാടില്ല. മനുഷ്യസംസ്ക്കാരം മൃഗീയമായി അധ:പതിയ്ക്കുവാൻ അനുവദിച്ചുകൂടാ. മനുഷ്യാത്മാവിനെ മലീമസമാക്കികൂടാ. ദൈവീകനിയോഗങ്ങളിലും കൽപ്പനകളിലും കറപുരട്ടരുത്. വിവാഹത്തിന്റെ നിർമ്മല പ്രകാശത്തെ ഊതിക്കെടുത്തരുത്. വിവാഹം ആണും ആണും തമ്മിൽ ആകുന്നത് വിനാശത്തിന്റെ വിളംബരമായിരിയ്ക്കും. സ്വവർഗ്ഗ വിവാഹ വിരോധികൾ മുറവിളികൂട്ടി.

നൂറു നൂറു പ്രശ്നങ്ങളും നുലാമാലകളും നിറഞ്ഞ ഈ വിഷയത്തിൽ അനുകൂലികളും പ്രതികൂലികളും അണി നിരന്നപ്പോൾ അതാ ദൈവം ദുഃഖപൂർവം പറയുന്നു "മുനുഷ്യനെ ഉണ്ടാക്കുക കൊണ്ട് ഞാൻ ദുഃഖിയ്ക്കുന്നു". തുടർന്ന് അമേരിക്കൻ പാർലമെന്റിൽ–സെനറ്റിൽ–അതാവരുന്നു ഒരു ബിൽ. അവതാരകർ റിപ്പബ്ളിക്കൻ പാർട്ടി അംഗമായ ബോബ്ബാർ. ആണും പെണ്ണും തമ്മിലുള്ള വിവാഹം നിർവിശങ്കം നിരോധിയ്ക്കണമെന്ന ബിൽ, ബോബ്ബാറിന്റെ ബിൽ ബഹുഭൂരിപക്ഷത്തോടെ പാസായി. തിന്മകളുടെ തീച്ചുളകൾ എരിയുവാൻ ഇടയാക്കുമായിരുന്ന ഒരു മുഴുത്ത മൂല്യശോഷണ രംഗത്തിന് അങ്ങനെ തൽക്കാലം അവസാനമായി. അമേരിക്കയിൽ മാത്രമല്ല മറ്റു രാജ്യങ്ങളിലും ഏറെക്കുറെ സംഭവിച്ചു കൊണ്ടിരിയ്ക്കുന്ന മൂല്യത്തകർച്ചകളിൽ നൊമ്പരപ്പെടുന്നവർക്ക് ബോബ്ബാർ ആശയും പ്രത്യാശയും പകരുന്നുവെന്ന് ആശ്വസിയ്ക്കാം.

മൂല്യ ശോഷണവും ദുഷ്ടതയും മൂലം സമൂഹങ്ങിൽ പടർന്നു പിടിച്ചിരിയ്ക്കുന്ന ആത്മീയ രോഗം അത്യന്തം ഗുരുതരമായ അവസ്ഥയിൽ എത്തിയിരിയ്ക്കുന്നു. "തലമുഴുവനും ദീനവും ഹൃദയം മുഴുവനും ദീനവും പിടിച്ചിരിയ്ക്കുന്നു.; അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ" എന്നി പ്രകാരം യെശയ്യാദീർഘദർശി പ്രവചിച്ച സാമൂഹ്യ സ്ഥിതിയിലാണ് ആധുനിക ലോകം (യെശ: 1; 5–7)

അനുതപിയ്ക്കയും ദുഃഖിയ്ക്കയും ചെയ്ത ദൈവം ശിക്ഷയുടെ താക്കീതു നൽകുന്നതുകൂടി കേൾക്കാം. "ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചു കളയും" (ഉൽ. 6;7) സ്നേഹത്തിന്റെയും കരുതലിന്റെയും രക്ഷയുടെയും കേന്ദ്രമായ ദൈവം നിവൃത്തിയില്ലാത്തനിലയിൽ മനുഷ്യന്റെ ദുഷ്ടതമൂലം നീതി നിർവഹണം നടത്തുന്നു.

മൂന്നാം സഹസ്രാബ്ദത്തിന്റെ പൊൻ പുലരിയുടെ കിരണങ്ങളെ പ്രകാശരഹിതമാക്കുന്ന മൂല്യശോഷണത്തിന്റെ മൂടുപടം വലിച്ചെറിഞ്ഞ് സർവ ശക്തനായ ദൈവത്തെ അനുതാപ പൂർവ്വം അഭിമുഖീകരിയ്ക്കുന്ന ആദ്ധ്യാത്മിക മണ്ഡലത്തിലേക്ക് മനുഷ്യരാശി കടന്നു ചെല്ലുവാൻ ഇടയാകട്ടെ. ഇത് സാധിത പ്രായമാകുവാനുള്ള സംവിധാനം ഒന്നുമാത്രം. കരുണയുള്ളവനായ ദൈവത്തിന്റെ ദുഃഖം മനസിലാക്കുക, ആ ദുഃഖശ്ശബ്ദം

# കടന്നു വന്ന് സഹായിക്കുക

ഫാ: ഡോ. എം.സി. ചെറിയാൻ

തന്റെ മിഷനറി യാത്രയ്ക്കിടയിൽ പൗലൂസ് ശ്ലീഹായ്ക്ക് ലഭിച്ച ദർശനങ്ങളിൽ ഒന്നായിരുന്നു മക്കദോന്യക്കാരന്റെ അഭ്യർത്ഥന (അപ്പ:പ്രവൃത്തികൾ 15: 9) 'കടന്നുവന്ന് ഞങ്ങളെ സഹായിക്കുക' - ഇന്നും അനേകം മക്കദോന്യകളിൽ നിന്നുയരുന്ന ശബ്ദമാണിത്. അന്നത്തെ അഭ്യർത്ഥനയുടെ പ്രതിദ്ധ്വനിയെന്നതിലുപരി ഇന്നത്തെ മാറ്റിവെയ്ക്കാനാവാത്ത ആവശ്യകതയുടെ നൊമ്പരപ്പെടുത്തുന്ന മുറവിളിയാണു പലതും. കേരളത്തിനു പുറത്ത് പഠിക്കുന്ന അനേകായിരം ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ ശബ്ദം അക്കൂട്ടത്തിലുണ്ട്.



ബാഹ്യകേരളത്തിലെ ഒരു കോളേജിലേക്കു നാല് വൈദികർ ഒരു ദിവസം കടന്നു ചെല്ലാനിടയായി; മലങ്കര സഭാംഗങ്ങളായ 65 വിദ്യാർത്ഥികൾ അവരുടെ ചുറ്റും ഓടിക്കൂടി. അവരുടെ ആവശ്യത്തിനു മുന്നിൽ ഒരു വാഗ്ദാനം ചെയ്യാൻ ആ വൈദികർ തയ്യാറായി-മാസത്തിലൊരിക്കൽ വന്ന് ഒരു ബൈബിൾ ക്ലാസ്സ് നടത്താം. എന്നാൽ അവർക്കുവേണ്ടത്. വി. കുർബ്ബാനയാണ്. ആ കുട്ടികൾ നിർബന്ധം പിടിച്ചു- ദാഹിച്ചുവരണ്ട ഭൂമിയെപ്പോലെ ആ അഭ്യർത്ഥന ഒരിക്കലും അവഗണിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ ചില നിബന്ധനകൾ അവരുടെ മുന്നിൽ വെച്ചു. വി. കുർബ്ബാന ഈ ദിവസങ്ങളിൽ വൈകിട്ട് നടത്താം. പക്ഷേ വി. കുർബ്ബാനയ്ക്ക് മുമ്പ് ആറുമണിക്കൂറെങ്കിലും ഉപവാസം വേണം. ഞങ്ങൾ കൃത്യമായി ഉപവസിക്കുമെന്ന് ഒരേ സ്വരത്തിൽ കുട്ടികൾ വാക്കുകൊടുത്തു. കഴിഞ്ഞ രണ്ടു മാസമായി വി. കുർബ്ബാനയും ബൈബിൾ ക്ലാസ്സും നടക്കുന്നുണ്ട്. നൂറിലധികം വിദ്യാർത്ഥികൾ താല്പര്യത്തോടെ പങ്കെടുക്കുന്നുമുണ്ട്. ഇതുപോലെ അനേകം കലാലയങ്ങളും അവയിലെല്ലാം ആയിരക്കണക്കിനു വിദ്യാർത്ഥികളും നമ്മുടെ മുന്നിൽ കൈനീട്ടുന്നവരായി നിലകൊള്ളുന്നു.

അവർക്കെല്ലാം ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ഷോപ്പിംഗിനുവേണ്ടി അല്പസമയം അനുവദിച്ചിട്ടുണ്ടെന്നുമാത്രം. ആരാധനയിൽ പങ്കെടുക്കാനുള്ള അടങ്ങാത്ത ആഗ്രഹത്തിനു മുന്നിൽ ആരാധനാ സൗകര്യം ഏറിപ്പോയതിന്റെ പ്രയാസമനുഭവിക്കുന്ന നമ്മുടെ നാട്ടിലുള്ളവർക്ക് എന്തെങ്കിലും ചെയ്യാനാവില്ലേ?

കുട്ടികളെ നേടാൻ എന്തു ചെയ്യണമെന്ന ഒരു മിഷനറിയുടെ ചോദ്യത്തിന് സരസനായ ഒരു യുവാവ് മറുപടി നൽകിയത് മലങ്കര സഭയിലേക്ക് വിരൽ ചൂണ്ടിയാണ്-അധികം അദ്ധ്വാനിക്കാതെ ആയിരക്കണക്കിന് യുവജനങ്ങളെ കിട്ടുമെന്ന് ആർക്കും പറയാമിവിടെ. ആർക്കും അന്വേഷിക്കാനില്ലാത്തതിനാൽ ഏതു സമയത്തും ആർക്കും തട്ടിയെടുക്കാവുന്ന ഈ മക്കളുടെ നിലവിളി മലങ്കരസഭ കേൾക്കുന്നുണ്ടോ? ഈശബ്ദം മലങ്കര സഭയുടെ നിലവിളിയായി മാറിയെങ്കിൽ നന്നായിരുന്നു.

1. ബാഹ്യകേരളത്തിൽ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്ന ചുമതല സഭ ഏറ്റെടുക്കണം.

2. ഈ വിദ്യാർത്ഥികൾക്കിടയിൽ പ്രവർത്തിക്കാനുള്ള വൈദികർ ഉണ്ടാവണം; താല്പര്യമുള്ളവരുടെ സേവനകാലം സഭയും ഭദ്രാസനങ്ങളും അംഗീകരിച്ച് ആ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കണം.

3. പഠിക്കുവാനായി കേരളത്തിനു പുറത്തു പോകുന്ന മക്കളുടെ പൂർണ്ണ വിവരങ്ങൾ വിദ്യാർത്ഥി പ്രസ്ഥാനം ഓഫീസിലോ സ്റ്റുഡന്റ് ജനറൽ സെക്രട്ടറി, പി.ബി. 610 കോട്ടയം 686001 സെന്ററുകളിലോ അറിയിച്ചാൽ ആരാധനാ സൗകര്യം ഉണ്ടാക്കികൊടുക്കാൻ സാധിക്കും.

4 ബാഹ്യ കേരളത്തിലെ ഇടവകകൾ ഇത്തരത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ആരാധനാ സൗകര്യം ക്രമീകരിക്കാൻ മുൻകൈയെടുക്കുന്നത് ഇടവകകളുടെ സാമ്പത്തിക ഭദ്രതയ്ക്കും പ്രവർത്തനമേഖല വിശാലമാക്കുന്നതിനും പ്രയോജനപ്പെടുന്നതാണ്.

5. സാമ്പത്തികമായി ഈ ശുശ്രൂഷയ്ക്ക് സഹായം ചെയ്യാനാവുന്നവർ അങ്ങനെ കൈത്താങ്ങൽ കൊടുക്കണം.

◆





## ആശാകേന്ദ്ര സ്ലം ഡെവലപ്മെന്റ് പ്രൊജക്റ്റ്



N.C.C.I ജനറൽ സെക്രട്ടറി റവ. ഡോ. ഐപ്പ് ജോസഫ് തയ്യൽ മെഷീൻ നൽകുന്നു ഫാ. ഷാജി മുകടിയിൽ സമീപം

**ചന്ദ്രപ്പൂർ:** കൽക്കട്ട ഭദ്രാസനത്തിൽ ചന്ദ്രപ്പൂർ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ ചുമതലയിൽ നടത്തപ്പെടുന്ന ആശാകേന്ദ്രാസ്ലം ഡെവലപ്പ്മെന്റ് പ്രൊജക്റ്റിന്റെ ഒന്നാം വാർഷികവും പാഴ്സണേജിന്റെ കൂദാശയും 1999 ഡിസംബർ 26-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു.

അന്നേദിവസം നാഷണൽ ക്രിസ്ത്യൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ജനറൽ സെക്രട്ടറി റവ. ഡോ. ഐപ്പ് ജോസഫ്, സ്ത്രീകളുടെ വിഭാഗം സെക്രട്ടറി മിസ്സസ്സ് സുനിത നെറോണാ, മിസ്സസ്സ് ഐപ്പ് ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

## സെയ്ന്റ് തോമസ് മിഷൻ ആശുപത്രി ഉദ്ഘാടനം ചെയ്തു

**മണ്ണാർക്കാട്:** ഈശ്വര സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് മാനവ സമൂഹം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും സ്നേഹവും ശുശ്രൂഷയുമാണ് മനുഷ്യന്റെ കർമ മണ്ഡലങ്ങളെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ ഉദ്ബോധിപ്പിച്ചു.

ദിവ്യമായ സ്നേഹവും പ്രതിഫലേച്ഛകൂടാത്ത ശുശ്രൂഷയും മനുഷ്യന്റെ കൈവിടാനാവാത്ത കടമകളാണ്.

അട്ടപ്പാടി നെല്ലിപ്പതിയിൽ പ്രവർത്തനമാരംഭിക്കുന്ന സെയ്ന്റ് തോമസ് ഓർത്തഡോക്സ് മിഷൻ ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മലബാർ ഭദ്രാസനാധിപൻ തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. STOC സ്ഥാപകൻ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മുഖ്യ പ്രഭാഷണം നടത്തി. ജോസ് ബേബി എം.എൽ.എ, അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രുഗ്മിണി രാജൻ, റവ.ഫാ.വർഗീസ് പുന്നകൊമ്പിൽ, ഡോ. ആർ. പ്രഭുദാസ്, ഡോ. ജസ്റ്റിൻ ജോയി, രാജു ജോർജ്, ടി.ടി. കോശി പ്രസംഗിച്ചു.

ഷാർജയിലുള്ള സെയ്ന്റ് ഗ്രിഗോറിയോസ് ചാരിറ്റി കമ്മിറ്റി സ്പോൺസർ ചെയ്ത ജീസസ് .വില്ലേജിലെ ആദ്യഭവനത്തിന്റെ കൂദാശകർമ്മവും പരിശുദ്ധ കാതോലിക്കബാവ വൈകുന്നേരം നിർവഹിച്ചു സെയ്ന്റ് തോമസ് ആശ്രമം ചാപ്പലിന് ശിലാസ്ഥാപനവും നടത്തി. ഷാർജ ചാരിറ്റി കമ്മിറ്റി പ്രതിനിധി ജോൺ, മാനേജിങ് ഡയറക്ടർ ഫാ. എം.ഡി. ജോൺ, മാനേജർ ഫാ. എസ്. പോൾ, STOC. വൈസ് പ്രസിഡന്റ് രാജു ജോർജ് എന്നിവർ പ്രസംഗിച്ചു.

## ഒന്നാം റാങ്ക്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എം.എ ഹിസ്റ്ററി പരീക്ഷയിൽ സ്റ്റേറ്റ് റിക്കാർഡ് മാർക്കോടെ ഒന്നാം റാങ്കു നേടിയ സ്മിതാ സാറാ പടിയറ അഖില മലങ്കര പ്രാർത്ഥനാ യോഗം ഓർഗനൈസിംഗ് സെക്രട്ടറി പ്രഫ. വർഗീസ് പടിയറയുടെയും സൂസമ്മ ജേക്കബിന്റെയും മകളും കാനം പറപ്പള്ളിത്താഴത്ത് യശഃശരീരനായ ഫാ. പി. എം. ജേക്കബിന്റ പൗത്രിയുമാണ്.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

സൗഖ്യദാനവും സന്താനലബ്ദിയും മറ്റും വാഗ്ദാനം ചെയ്തുകൊണ്ട് പെന്തിക്കോസ് തുമാതൃകയിൽ ചില പ്രസിദ്ധീകരണങ്ങൾ സൗജന്യമായും അല്ലാതെയും മലങ്കരസഭാ മാസിക വരിക്കാർക്ക് നാട്ടി ലും വിദേശത്തും ലഭിക്കുന്നതായി ചിലർ പരാതിപ്പെട്ടിരിക്കുന്നു. സഭ അംഗീകരിച്ചതോ സഭയുടേതായതോ മലങ്കര സഭ അല്ലതെ ഒരു പ്രസിദ്ധീകരണവും ഇല്ലെന്നുള്ള വിവരം മാന്യവരിക്കാരെ അറിയിക്കുന്നു. മറ്റു പ്രസിദ്ധികരണങ്ങൾ മൂലം മാന്യ വായനക്കാർക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് യതൊരു ഉത്തരവാദിത്തവും മലങ്കര സഭ യ്ക്ക് ഉണ്ടായിരിക്കുന്നതല്ല.

*മാനേജിംഗ് എഡിറ്റർ*

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

## പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ



## ഒരു വിശ്വാസി

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-